# മഹാത്മാഗാന്ധി  സർവ്വകലാശാല

2024 മാർച്ച് 26-ാം  തീയതി രാവിലെ 10 മണിക്ക് ഹൈബ്രിഡ് മോഡിൽ കൂടിയ വാർഷിക സെനറ്റ് യോഗത്തിന്റെ

## നടപടിക്കുറിപ്പുകൾ

**പങ്കെടുത്തവർ**

1 പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ, വൈസ് ചാൻസലർ (അദ്ധ്യക്ഷൻ)

2 അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം

3 അഡ്വ. ജോബ് മൈക്കിൾ, എം.എൽ.എ., സിൻഡിക്കേറ്റ് അംഗം

4 ഡോ. സിനി കുര്യൻ, സിൻഡിക്കേറ്റ് അംഗം

5 ശ്രീ. ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം

6 ഡോ. സുധാകരൻ കെ.എം., സിൻഡിക്കേറ്റ് അംഗം

7 ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം

8 ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം

9 ഡോ. ബി. കേരളവർമ്മ, സിൻഡിക്കേറ്റ് അംഗം

10 പ്രൊഫ. ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം

11 ഡോ. ബിജു പുഷ്പൻ, സിൻഡിക്കേറ്റ് അംഗം

12 ഡോ. ഷജിലാ ബീവി എസ്., സിൻഡിക്കേറ്റ് അംഗം

13 ഡോ. പി.എസ്. രാധാകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം

14 ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം

15 ശ്രീ. അമൽ എബ്രഹാം, സിൻഡിക്കേറ്റ് അംഗം

16 ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

17 ശ്രീ. സജി തോമസ്, ലാബ് അസിസ്റ്റന്റ്, മാർ തോമ കോളേജ്, തിരുവല്ല

18 ശ്രീ. ഷിബു എം. ജോർജ്ജ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്സ്, ബസേലിയസ് കോളേജ്, കോട്ടയം

19 ശ്രീ. ടിറ്റു തോമസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, നിർമ്മല കോളേജ്, മൂവാറ്റുപുഴ

20 ഡോ. ലിബിൻ കുര്യാക്കോസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, സെന്റ് തോമസ് കോളേജ്, പാല

21 ശ്രീമതി. മായ എൻ., അസ്സോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, എൻ.എസ്.എസ്. കോളേജ്, ചങ്ങനാശ്ശേരി

22 ഡോ. ലിബുസ് ജേക്കബ് എബ്രഹാം,അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി

23 ശ്രീ. സുബിൻ വർഗ്ഗീസ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, ദേവമാതാ കോളേജ്, കുറവിലങ്ങാട്

24 ശ്രീ. സനിൽ കുമാർ എം.ജി., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, എസ്.എൻ.എം, കോളേജ്, മാല്യങ്കര

25 ഡോ. എ.യു. അരുൺ, അസ്സോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി, സെന്റ് പീറ്റേഴ്സ് കോളേജ്, കോഴഞ്ചേരി

26 പ്രൊഫ. ഡോ. ഹരികുമാർ പി.എൻ.,ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം

27 ശ്രീ. സാബു മുകുന്ദൻ, ഹെഡ് അക്കൗണ്ടന്റ്, മഹാരാജാസ് കോളേജ്, എറണാകുളം

28 ഡോ. രഞ്ജിത്ത് മോഹൻ പി., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, ഗവ. കോളേജ്, കോട്ടയം

29 ശ്രീ. കെ.കെ. ശ്രീധരൻ, പ്രസിഡന്റ്, ജില്ലാ നിർമ്മാണ തൊഴിലാളി യൂണിയൻ, പത്തനംതിട്ട

30 ശ്രീ. സുരേഷ് എം.എസ്, സെക്ഷൻ ഓഫീസർ, മഹാത്മാഗാന്ധി സർവ്വകലാശാല

31 ശ്രീമതി. മഞ്ജുഷ കെ.എ., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെന്റ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല

32 ഡോ. ബിജു എം.കെ., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ്സ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല

33 ഡോ.നൗഷാദ് പി.പി., അസ്സോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെന്റ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല

34 ശ്രീ. അശ്വിൻ രാജൻ വർഗീസ്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

35 ഡോ. ജോസ് കെ. മാന്യുവൽ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവ്വകലാശാല

36 ഡോ. സിമി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, ഗവ. കോളേജ്, കട്ടപ്പന

37 ഡോ. സിന്ധു കെ.,അസ്സോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ്, ദി കൊച്ചിൻ കോളേജ്, കൊച്ചി

38 ഡോ. സജു മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ

39 ശ്രീ. ജോസഫ് ഡെറിൽ കെ.എസ്., അസ്സോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടർ ആപ്ലിക്കേഷൻസ്,എം.ഇ.എസ്. കോളേജ്, മാറമ്പിള്ളി

40 ഡോ. ജോബിൻ മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി, സി.എം. എസ്. കോളേജ്, കോട്ടയം

41 പ്രൊഫ. മിനിക്കുട്ടി എ., ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യുക്കേഷൻ

42 പ്രൊഫ. ബിന്ദു വി.ആർ., ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല

43 ശ്രീ. എ.ജെ. തോമസ്, ഹെഡ് അക്കൗണ്ടന്റ്, സി.എം.എസ്. കോളേജ്, കോട്ടയം

44 ശ്രീ. രാഹുൽ മോൻ രാജൻ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, എംജി യൂണിവേഴ്സിറ്റി

45 ഡോ. ഷിജോ കെ. ചെറിയാൻ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, സെന്റ് ബെർക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി

46 ഡോ. അനിത സി. കുമാർ, പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല

47 ശ്രീ. അജിൻ തോമസ്, റൂറൽ അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ്, എറണാകുളം

48 ഐഷ മിന്ന സലീം, അൽ അസർ ലോ കോളേജ്, തൊടുപുഴ

49 ശ്രീ. ജോജി തോമസ്, മാനേജർ, പിജിഎം കോളേജ്, കങ്ങഴ

50 ശ്രീ. സജിത്ത് ബാബു എസ്., അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, കാത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

51 ശ്രീ. തോമസ് ആന്റണി, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, മഹാരാജാസ് കോളേജ്, എറണാകുളം

52 പ്രൊഫ. ജിജി പി.വി., സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവ്വകലാശാല

53 അർജ്ജുൻ എം.,മഹാരാജാസ് കോളേജ്, എറണാകുളം

**ഓൺലൈനായി പങ്കെടുത്തവർ**

1. ഡോ. ബിന്ദു കെ., ഡീൻ ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്ട്സ്,
2. ഡോ. ജിഷ എം.എസ്., ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, സ്കൂൾ ഓഫ് ബയോസയൻസസ്, മഹാത്മഗാന്ധി സർവ്വകലാശാല
3. പ്രൊഫ. (ഡോ.) ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, കെ.ഇ. കോളേജ്, മാന്നാനം
4. പ്രൊഫ. (ഡോ.) വി. ദിനേശൻ, ഡീൻ ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസ്, മഹാത്മഗാന്ധി സർവ്വകലാശാല

കൂടാതെ, രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ.-യും ഹാജരായിരുന്നു.

രാവിലെ 10.00 മണിക്ക് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സി.റ്റി.അരവിന്ദകുമാർ-ന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. എല്ലാ അംഗങ്ങളെയും അദ്ധ്യക്ഷൻ വാർഷിക സെനറ്റ് യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്യുകയും പുതിയതായി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ സ്വയം പരിചയപ്പെടുത്തുകയും ചെയ്തു.

തുടർന്ന്, അനുശോചനപ്രമേയം അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ രജിസ്ട്രാറെ ക്ഷണിച്ചു.

**അനുശോചന പ്രമേയം**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസ് ഡയറക്ടറും ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡൻറുമായിരുന്ന ഡോ. ബിജു ലക്ഷ്മണന്റെ വിയോഗത്തിൽ സെനറ്റ് യോഗം ദുഃഖം രേഖപ്പെടുത്തുന്നു.

അധ്യാപകൻ, ഗവേഷകൻ, സംഘാടകൻ തുടങ്ങിയ നിലകളിൽ സജീവ സാന്നിധ്യമായിരുന്ന അദ്ദേഹത്തിന്റെ വേർപാട് സർവകലാശാലാ സമൂഹത്തിന് സമാനതകളില്ലാത്ത നഷ്ടമാണ്.

സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറൽ, എം.ജി സർവകലാശാല സെനറ്റ് അംഗം, അക്കാഡമിക് കൗൺസിൽ അംഗം, വിവിധ സർവകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, എം.ജി സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ, റിസർച്ച് ഗൈഡ്, തിരഞ്ഞെടുപ്പ് കമ്മിഷന്റെയും സർവകലാശാലകളുടെയും അക്കാദമിക് കൺസൾട്ടന്റ്, എസ്.സി.ഇ.ആർ.ടിയിലെ വിവിധ പദ്ധതികളിലെ വിഷയ വിദഗ്ധൻ, 2018ൽ കേരള നിയമസഭയുടെ വജ്രജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ജനാധിപത്യത്തിന്റെ ആഘോഷം പരിപാടിയുടെ കോ-ഓർഡിനേറ്റർ, എന്നീ നിലകളിൽ കാഴ്ച വച്ച മികവുറ്റ സേവനത്തെ ഈ അവസരത്തിൽ നന്ദിയോടെ

അനുസ്മരിക്കുന്നു. ഡോ. ബിജു ലക്ഷ്മണന്റെ കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും ദുഃഖത്തിൽ സർവകലാശാലാ സെനറ്റ് പങ്കുചേരുന്നു.

മഹാത്മാ ഗാന്ധി സർവകലാശാലയുടെ മുൻ വൈസ് ചാൻസലറും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന പ്രൊഫ. എ. സുകുമാരൻ നായർ, സുപ്രീം കോടതിയിലെ ആദ്യ വനിതാ ജസ്റ്റിസും തമിഴ്നാട് മുൻ ഗവർണറുമായ ജസ്റ്റിസ് എം. ഫാത്തിമ ബീവി, മുൻ മന്ത്രിമാരായ കെ.പി. വിശ്വനാഥൻ, ടി.എച്ച് മുസ്തഫ, സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, കൂടിയാട്ടം-കൂത്ത് ആചാര്യൻ പത്മശ്രീ പി.കെ നാരായണൻ, ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മുൻ നായകൻ ബിഷൻ സിംഗ് ബേദി, നാവികസേന മുൻ മേധാവി എൽ. രാംദാസ് സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകൻ ഫാലി എസ്. നരിമാൻ, എം.ജി സർവകലാശാലയുടെ മുൻ മുഖ്യ കായിക പരിശീലകൻ പി.വി വെൽസി, സന്തോഷ് ട്രോഫി ഫുട്ബോൾ താരമായിരുന്ന ജോൺ പോൾ റൊസാരിയോ, കവിയും അധ്യാപകനും വിദ്യാരംഗം മാസികയുടെ മുൻ ചീഫ് എഡിറ്ററുമായിരുന്ന കവി ഗൗരീശപട്ടം ശങ്കരൻ നായർ, പ്രശസ്ത കലാസംവിധായകൻ സാബു പ്രവദ, പ്രമുഖ സംഗീതജ്ഞ പ്രൊഫ. ലീല ഓംചേരി, കഥകളി സംഗീതജ്ഞൻ ചേർത്തല തങ്കപ്പ പണിക്കർ, മലയാള മനോരമ ആഴ്ചപതിപ്പ് മുൻ എഡിറ്റർ ഇൻ ചാർജ്ജും താന്ത്രിക് ചിത്രകാരനുമായ കെ.എ ഫ്രാൻസിസ്, നടൻ കലാഭവൻ ഹനീഫ്, മുൻ എം.പിയും കോട്ടയം നഗരസഭാ മുൻ ചെയർമാനുമായിരുന്ന മോളി വർക്കി, ഡൽഹി ആകാശവാണിയിലെ ആദ്യകാല ന്യൂസ് റീഡർ പി.കെ തുളസീഭായി, സി.പി.എം സ്ഥാപകനേതാവ് എൻ. ശങ്കരയ്യ, ദ് വീക്ക് മുൻ എഡിറ്റർ ഇൻ ചാർജ് ടി.ആർ ഗോപാലകൃഷ്ണൻ, പ്രശസ്ത ചിത്രകാരനും കേരള ലളിതകലാ അക്കാദമി മുൻ ചെയർമാനുമായ പ്രൊഫ. സി.എൽ. പൊറിഞ്ചുക്കുട്ടി, കേരള സാഹിത്യ അക്കാദമി മുൻ അധ്യക്ഷയും സാഹിത്യകാരിയുമായ പി. വൽസല, മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ പി. സിറിയക് ജോൺ, കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി സ്ഥാപകനും വെല്ലൂർ മെഡിക്കൽ കോളേജ് പീഡിയാട്രിക്സ് വിഭാഗം മുൻ പ്രൊഫസറും മലയാള മനോരമയുടെ മെഡിക്കൽ ഡയറക്ടറുമായ ഡോ. കെ.സി. മാമ്മൻ, മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനും രാഷ്ട്രപതിയുടെ മുൻ സെക്രട്ടറിയുമായ ക്രിസ്റ്റി ഫെർണാണ്ടസ്, നടിയും നർത്തകിയും സംഗീതജ്ഞയുമായ ആർ. സുബ്ബലക്ഷ്മി അമ്മാൾ, പ്രമുഖ ചിന്തകനും അധ്യാപകനും സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. എം. കുഞ്ഞാമൻ, വ്യവസായ വകുപ്പ് മുൻ അഡീഷണൽ ഡയറക്ടർ എൻ. ബാലകൃഷ്ണൻ, എഴുത്തുകാരനും പത്രപ്രവർത്തകനും വിവർത്തകനുമായ എൻ. കുഞ്ചു, ദേശീയ വനിതാ കമ്മീഷന്റെയും കേന്ദ്ര സാമൂഹിക ക്ഷേമ ബോർഡിന്റെയും അധ്യക്ഷയായിരുന്ന ഡോ. മോഹിനി ഗിരി, മലയാള ഭാഷയ്ക്ക് ഡോ. ഹെർമൻ ഗുണ്ടർട്ട് നൽകിയ സംഭാവനകൾ ലോക ശ്രദ്ധയിലെത്തിച്ച ആൽബ്രെഷ്റ്റ് ഫ്രെൻസ്, പ്രശസ്ത ചിത്രകാരനും കവിയുമായ ഇംറോസ്, നാടക കലാകാരൻ പ്രശാന്ത് നാരായണൻ, സിനിമ സ്റ്റണ്ട് ഡയറക്ടർ ജോളി ബാസ്റ്റിൻ, സാഹിത്യകാരൻ ജോസഫ് വൈറ്റില, സംഗീത സംവിധായകൻ കെ.ജെ. ജോയ്, ഹിന്ദുസ്ഥാനി സംഗീതജ്ഞൻ പത്മഭൂഷൺ ഉസ്താദ് റാഷിദ്ഖാൻ, നാടക കലാകാരൻ ആലപ്പി ബെന്നി, കഥകളി കലാകാരി കൊട്ടാരക്കര ഭദ്ര, കവിയും കലാ സാംസ്കാരിക പ്രവർത്തകനുമായ കൊടുങ്ങല്ലൂർ നാരായണൻ, കാർഷിക സർവകലാശാലാ പ്ലാനിംഗ് ഡയറക്ടറായിരുന്ന ഡോ. അനി എസ്. ദാസ്, എഴുത്തുകാരി കെ.ബി ശ്രീദേവി, പ്രശസ്ത സംഗീത സംവിധായകൻ കെ.ജെ ജോയി, മഹാരാജാസ് കോളജ് മുൻ പ്രിൻസിപ്പലും സഭാചരിത്ര പണ്ഡിതനുമായിരുന്ന പ്രൊഫ. എബ്രഹാം അറയ്ക്കൽ, കവി എൻ.കെ ദേശം, ദേശീയ യുക്തിവാദി സംഘം മുൻ സംസ്ഥാന സെക്രട്ടറി യു. കഥാനാഥൻ, മാധ്യമ പ്രവർത്തകൻ ഭാസുരേന്ദ്ര ബാബു, ദലിത് ബന്ധു എൻ.കെ. ജോസ്, തിരക്കഥാകൃത്തും ഡോക്യുമെന്ററി

സംവിധായകനുമായ നിസാം റാവുത്തർ എന്നിവരുടെ നിര്യാണത്തിലും മഹാത്മാ ഗാന്ധി സർവകലാശാലാ സെനറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

തുടർന്ന് ബഹു. വൈസ്ചാൻസിലർ ഡോ. സി.റ്റി അരവിന്ദകുമാർ അനുമോദന പ്രമേയം അവതരിപ്പിച്ചു.

**അനുമോദന പ്രമേയം**

സർവകലാശാലാ സെനറ്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമായ അനുമോദനമാണ് ഇന്ന് ആദ്യം അവതരിപ്പിക്കുന്നത്. സർവകലാശാലാ സമൂഹത്തിന്റെയും അഭ്യുദയകാംക്ഷികളുടെയും വർഷങ്ങൾ നീണ്ട അധ്വാനത്തിനുള്ള പ്രതിഫലമെന്നോണം നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (നാക്) എ++ ഗ്രേഡ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ലഭിച്ചിരിക്കുകയാണ്.

നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ 3.61 ഗ്രേഡ് പോയിന്റ് നേടിയാണ് നമ്മുടെ സർവകലാശാല രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവിന്റെ പട്ടികയിൽ ശ്രദ്ധേയമായ മുന്നേറ്റം നടത്തിയത്. നാലാം സൈക്കിളിൽ എ++ ഗ്രേഡ് ലഭിക്കുന്ന സംസ്ഥാനത്തെ ആദ്യ സർവകലാശാലയെന്ന ഖ്യാതിയും ഇതുവഴി സ്വന്തമായിരിക്കുകയാണ്.
സർവകലാശാലാ സമൂഹം കൂട്ടായി നടത്തിയ പരിശ്രമത്തിന്റെ വിജയമാണിത്. ഈ നേട്ടത്തിലേക്കുള്ള പരിശ്രമങ്ങൾക്ക് നേതൃത്വം നൽകിയ വൈസ് ചാൻസലർ ഡോ. സി.ടി.അരവിന്ദകുമാറിനെ സിൻഡിക്കേറ്റ് യോഗം അനുമോദിക്കുന്നു. നടപടികൾ ഏകോപിപ്പിച്ച ഐക്യുഎസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബിനും ഐക്യുഎസി ടീം അംഗങ്ങൾക്കും പ്രത്യേക അഭിനന്ദനം അറിയിക്കുന്നു.

സർവകലാശാലാ സിൻഡിക്കേറ്റ്, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സർവകലാശാലയിലെ വകുപ്പ് മേധാവികൾ, അധ്യാപകർ, ജീവനക്കാർ, ഗവേഷകർ, വിദ്യാർഥികൾ എന്നിവരെയും അനുമോദിച്ചുകൊള്ളുന്നു.

സർവകലാശാലയിൽ സന്ദർശനം നടത്തിയ നാക് പിയർ ടീമുമായി സംവദിച്ച മുൻ വൈസ് ചാൻസലർമാർ, പൂർവ്വ വിദ്യാർഥികൾ, വിദ്യാർഥികളുടെ രക്ഷിതാക്കൾ തുടങ്ങിയവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

സമീപ വർഷങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളിലും പഠനം, ഗവേഷണം, സംരംഭകത്വം, മാലിന്യസംസ്കരണം, സാമൂഹ്യ പ്രവർത്തനം തുടങ്ങി മേഖലകളിലും ശ്രദ്ധേയമായ മുന്നേറ്റം നടത്തിയ സർവകലാശാലയ്ക്ക് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതാണ് നാക്കിന്റെ ഗ്രേഡിംഗ്. നാട്ടിൽനിന്നും വിദേശത്തുനിന്നും കൂടുതൽ വിദ്യാർഥികളെ ആകർഷിക്കുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നേട്ടങ്ങളുടെ പുതിയ തലങ്ങളിലെത്തുന്നതിനും സർവകലാശാലയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ മാതൃകാപരമായി നടത്തിവരുന്ന മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിദഗ്ധ സമിതികൾ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി അന്തിമ രൂപം നൽകിയ സിലബസുകൾ വൈസ് ചാൻസലർക്ക് സമർപ്പിച്ചു.

നാലു വർഷ പ്രോഗ്രാമിന്റെ ചുമതലയുള്ള നിർവാഹക സമിതി അധ്യക്ഷനായ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പനെയും വൈസ് ചാൻസലറെയും പ്രവർത്തനങ്ങളിൽ പങ്കാളികളായ വിദഗ്ധ സമിതി അധ്യക്ഷൻമാർ, അംഗങ്ങൾ തുടങ്ങിയവരെയും യോഗം അഭിനന്ദിക്കുന്നു.

നിർധന കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുന്ന നാഷണൽ സർവീസ് സ്കീമിന്റെ സ്നേഹവീട് പദ്ധതിയിൽ മഹാത്മാ ഗാന്ധി സർവകലാശാല ഇതുവരെ നൂറു വീടുകൾ നിർമിച്ചു. ഇതിൽ പത്തു വീടുകളുടെ താക്കോൽ ദാനം ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു സർവകലാശാലയിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയുണ്ടായി. ശ്രദ്ധേയമായ ഈ നേട്ടത്തിൽ നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസിനും എല്ലാ കോളജുകളിലെയും എൻ.എസ്.എസ് യൂണിറ്റുകൾക്കും അഭിനന്ദനം അറിയിക്കുന്നു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ 2022-23 വർഷത്തെ ഏറ്റവും മികച്ച നാഷണൽ സർവീസ് സ്കീം യൂണിറ്റിനുള്ള എവർ റോളിംഗ് ട്രോഫി കോട്ടയം സി.എം.എസ് കോളജിന് ലഭിച്ചു. ഇതേ കോളജിലെ ഡോ. വർഗീസ് സി. ജോഷ്വയാണ് മികച്ച എൻ.എസ്.എസ് സൗഹൃദ പ്രിൻസിപ്പൽ. ഇവിടുത്തെതന്നെ ഡോ. കെ.ആർ. അജീഷ് മികച്ച പ്രോഗ്രാം ഓഫീസറായും എസ്. സംയുക്ത, ശ്രീജിത്ത് റജി എന്നിവർ മികച്ച വോളണ്ടിയർമാരായും തിരഞ്ഞെടുക്കപ്പെട്ടു. ഇവർക്കും പ്രവർത്തന മികവ് വിലയിരുത്തി തയ്യാറാക്കിയ പട്ടികയിൽ മുന്നിലെത്തിയ മറ്റ് യൂണിറ്റുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും വോളണ്ടിയർമാർക്കും അഭിനന്ദനങ്ങൾ.

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജി-ന്റെ(യു3 എ) പ്രവർത്തനങ്ങളിൽ വേറിട്ട മാതൃക സൃഷ്ടിക്കാൻ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞതായി സർവകലാശാലയിൽ സന്ദർശനം നടത്തിയ യു3 എ ആഗോള പ്രസിഡന്റ് ഡോ. ഫ്രാൻസ്വ വെല്ലാസ് വിലയിരുത്തുകയുണ്ടായി. ഈ അവസരത്തിൽ യു3 എയുടെ പ്രവർത്തനങ്ങൾ മാതൃകാപരമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് നേതൃത്വം നൽകിയ ഡോ. പി.ടി. ബാബുരാജ്, ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. ടോണി തോമസ് എന്നിവരെയും യു3 എയുടെ ഭാരവാഹികളെയും അംഗങ്ങളെയും അനുമോദിച്ചുകൊള്ളുന്നു.

യു3 എ-യുടെ മഹാത്മാ ഗാന്ധി സർവകലാശാലാ ഘടകത്തിനു കീഴിൽ കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ യു3 എ പഞ്ചായത്തായി പ്രഖ്യാപിച്ചു. യു3 എയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും സജീവമാക്കിയതിനെത്തുടർന്നാണ് ഈ നേട്ടം കൈവരിക്കുന്ന ആദ്യ പഞ്ചായത്തായി എലിക്കുളം മാറിയത്.
സംസ്ഥാന സർക്കാർ തിരുവനന്തപുരത്ത് സംഘടിപ്പിച്ച കേരളീയം പരിപാടിയിൽ സജീവസാന്നിധ്യമറിയിക്കാൻ മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് സാധിച്ചു. യൂണിവേഴ്സിറ്റി കോളജിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയ പ്രദർശനത്തിൽ മനോഹരമായി സ്റ്റാൾ ഒരുക്കിയ സർവകലാശാല പരിപാടിയുടെ ഭാഗമായി രണ്ട് മൈക്രോ ഇവൻറുകൾ സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ സെമിനാറിൽ സർവ്വകലാശാലയുടെ പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. എം.ജി. സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളജുകളിൽനിന്നുള്ള വിദ്യാർഥികൾ അവതരിപ്പിച്ച കലാസന്ധ്യ ഏറെ ശ്രദ്ധനേടുകയും ചെയ്തു.

കേരളീയത്തിൽ സർവകലാശാലയുടെ നോഡൽ ഓഫീസറായിരുന്ന ഡോ. സന്തോഷ് തമ്പിക്കും വിവിധ ചുമതലകൾ നിർവഹിച്ച മറ്റ് അധ്യാപകർക്കും ഉദ്യോഗസ്ഥർക്കും വോളണ്ടിയർമാരായി പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും കലാപരിപാടികൾ അവതരിപ്പിച്ചവർക്കും സെനറ്റിന്റെ അഭിനന്ദനം അറിയിക്കുന്നു.
മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ കൊറിയ സെന്റർ പ്രവർത്തനമാരംഭിക്കുകയുണ്ടായി. സർവകലാശാലയും ദക്ഷിണ

കൊറിയൻ വിദ്യാഭ്യാസ കേന്ദ്രങ്ങളും ആയി ഊർജ്ജിത സഹകരണത്തിന് വേദിയൊരുക്കുന്ന സംവിധാനത്തിന് തുടക്കം കുറിക്കുന്നതിന് നേതൃത്വം നൽകിയതിൽ ബഹു. വൈസ് ചാൻസലർക്കും സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ ഫാക്കൽറ്റി അംഗങ്ങൾക്കും സെനറ്റിന്റെ അഭിനന്ദനം അറിയിക്കുന്നു.

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല രൂപീകരിച്ച 4800 വിദ്യാർഥികളുടെ സന്നദ്ധ സേനയുടെ ഉദ്ഘാടനം കോട്ടയം സി.എം.എസ് കോളജിൽ ബഹു. സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുകയുണ്ടായി.

എം.ജി.യു ടീം ഓൺ സ്പോട്ട് എന്ന് പേരിട്ടിരിക്കുന്ന ദുരന്തനിവാരണ സേനയിൽ സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്) വോളണ്ടിയർമാരെയും എൻ.സി.സി കേഡറ്റുകളെയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്ത് ആദ്യമായാണ് ഒരു സർവകലാശാലയുടെ കീഴിൽ ഇത്രയും വിപുലമായ ഒരു ദുരന്ത നിവാരണ സന്നദ്ധ സേന രൂപീകരിക്കുന്നത് എന്നത് നമുക്ക് അഭിമാനകരമാണ്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസിനും നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസനും സേനാംഗങ്ങൾക്കും സെനറ്റിന്റെ അഭിനന്ദനം അറിയിക്കുന്നു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ മാർ ക്രിസോസ്റ്റം ചെയറിന്റെ 2023-24 ലെ രാജ്യാന്തര വിസിറ്റിംഗ് ഫെലോഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ട കിംഗ്സ് കോളജ്, ലണ്ടനിലെ പ്രഫസറായ അനന്യ ജഹാനാര കബീറിന് സെനറ്റിന്റെ അനുമോദനം അർപ്പിക്കുന്നു.

മഹാത്മാ ഗാന്ധിയുടെ പേരിലുള്ള സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിനു മുന്നിൽ സ്ഥാപിച്ച ഗാന്ധിജിയുടെ പൂർണകായ പ്രതിമ നവബർ 16 ന് ബഹു. വൈസ് ചാൻസലർ അനാച്ഛാദനം ചെയ്യുകയുണ്ടായി. പ്രസ്തുത ശിൽപ്പം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെയും ശിൽപ്പം തയ്യാറാക്കിയ ശ്രീ. തോമസ് ജോസഫിനെയും ഇത്തരുണത്തിൽ അഭിനന്ദിക്കുന്നു.

സാമ്പത്തിക, സാമൂഹ്യ വികസനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ വ്യവസായങ്ങളും സർക്കാരും കൈകോർക്കുന്ന ട്രിപ്പിൾ ഹെലിക്സ് സംവിധാനത്തിലേക്ക് സർവ്വകലാശാല ചുവടുവച്ചിരിക്കുയാണ്. ഇതിന്റെ ഭാഗമായി കോട്ടയം പൂവന്തുരുത്തിലെ സ്വകാര്യ ബയോസയൻസ് കമ്പനിയായ അബ്ടെക്കിന്റെ ഗവേഷണ കേന്ദ്രത്തെ സർവകലാശാലയുടെ അംഗീകൃത കേന്ദ്രമാക്കി മാറ്റാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച അംഗീകാരപത്രം സർവകലാശാലയിൽ നടന്ന ചടങ്ങിൽ ബഹു. സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ കമ്പനി അധികൃതർക്ക് കൈമാറുകയുണ്ടായി. അബ്ടെക്കിലെ ഗവേഷണ കേന്ദ്രത്തിൽ സർവകലാശാലയിലെ പി. എച്ച്.ഡി വിദ്യാർഥികൾക്ക് ഗവേഷണത്തിനും ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് പരിശീലനത്തിനും സൗകര്യമുണ്ടാകും. കാലോചിതമായ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. വൈസ് ചാൻസലർക്കും ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണനും സെനറ്റിന്റെ അനുമോദനം അറിയിക്കുന്നു.

വിശാഖപട്ടണത്തു നടന്ന 37-ാമത് ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവത്തിൽ മഹാത്മാ ഗാന്ധി സർവകലാശാല ഓവറോൾ കിരീടം നേടുകയുണ്ടായി. മത്സരങ്ങളിൽ പങ്കെടുത്ത എല്ലാ വിദ്യാർഥികളെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച ഡി.എസ്.എസിനെയും ഈ സെനറ്റ് യോഗം അഭിനന്ദിക്കുന്നു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് സംഘടിപ്പിച്ച അഖില കേരള ഇന്റർ കൊളീജിയറ്റ് ജനറൽ ക്വിസ് മത്സരം -ഇകോൺസ്പയറിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് ഒന്നാം സ്ഥാനം നേടി. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ്

ലെറ്റേഴ്സിനും തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിനുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ. വിജയികളെയും പരിപാടി വിജയകരമായി സംഘടിപ്പിച്ച കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിനെയും അഭിനന്ദിക്കുന്നു.

സർവകലാശാലാ കാമ്പസിലെ മരങ്ങളുടെ വിശദ വിവരങ്ങൾ ക്യൂആർ കോഡ് സ്കാനിംഗിലൂടെ ഇനി ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. കാമ്പസിൽ ആകെ 156 ഇനങ്ങളിൽ പെട്ട 3731 മരങ്ങളുണ്ടെന്നാണ് കണക്ക്. പലയിനങ്ങളിലും പെട്ട മരങ്ങൾ നിരവധി എണ്ണമുണ്ട്. വിദ്യാർഥികളും സന്ദർശകരും കൂടുതലായി എത്തുന്ന മേഖലകളിലുള്ള മൂന്നൂറോളം മരങ്ങളിലാണ് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പേരുകളും ശാസ്ത്രീയ നാമവും ക്യൂആർ കോഡുമുള്ള ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത്.
ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റൈനബിൾ ഡവലപ്മെൻറിനെയും അവരുമായി സഹകരിച്ച കോട്ടയം വെള്ളൂരിലെ ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കോളജിക്കൽ സ്റ്റഡീസിനെയും സർവേ പ്രവർത്തനങ്ങളിൽ പങ്കാളികളായവരെയും സെനറ്റ് യോഗത്തിന്റെ പേരിൽ അഭിനന്ദിച്ചുകൊള്ളുന്നു.

ടയറിന്റെ ഭാരവും റോഡുമായുള്ള ഘർഷണവും കുറച്ച്, വാഹനങ്ങളുടെ ഇന്ധനക്ഷമത വർധിപ്പിക്കുന്നതിന് ഉപകരിക്കുന്ന നൂതന ടയർ ഗവേഷണത്തിനും ദക്ഷിണ കൊറിയയിലെ ഇൻഹ സർവകലാശാലയുമായി ചേർന്നു നടത്തിയ നാനോ ടെക്നോളജി ഗവേഷണത്തിന്റെ ഭാഗമായി പോളിവിനൈൽ ക്ലോറൈഡും കാർബൺ നാനോട്യൂബുകളും ചേർന്നുള്ള നാനോകോമ്പസിറ്റുകൾകൊണ്ട് നിർമിച്ച കപ്പാസിറ്റീവ് ടെമ്പറേച്ചർ സെൻസറിനും സർവകലാശാലയ്ക്ക് പേറ്റന്റ് ലഭിക്കുകയുണ്ടായി.
എ.ജി സർവകലാശാലയിലെ കെമിക്കൽ സയൻസ് ഗവേഷകരായ വി. പ്രജിത, കെ.പി. ജിബിൻ എന്നിവരുടെ ഗവേഷണത്തിന്റെ ഭാഗമായി മുൻ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊഫ. നന്ദകുമാർ കളരിക്കൽ എന്നിവരുടെ മേൽനോട്ടത്തിൽ നടത്തിയ പഠത്തിലാണ് ടയർ വ്യവസായ മേഖലയിൽ ഏറെ സാധ്യതകളുള്ള കണ്ടെത്തൽ നടത്തിയത്. ഡോ. എലിസബത്ത് ഫ്രാൻസിസിന്റെ പി.എച്ച്.ഡി ഗവേഷണത്തിന്റെ ഭാഗമായാണ് താപനില പത്തു ഡിഗ്രി സെൽഷ്യസ് മുതൽ 50 ഡിഗ്രി സെൽഷ്യസ് വരെ നിയന്ത്രിച്ചു നിർത്താൻ കഴിയുന്ന സെൻസറുകൾ വികസിപ്പിച്ചത്. പ്രഫ. സാബു തോമസിന്റെയും ബംഗലൂരുവിലെ എജ്യൂക്കേഷണൽ പ്ലാറ്റ്ഫോമായ കോൺക്ലാവിറ്റിന്റെ പ്രസിഡന്റ് ഡോ. കെ.ടി. വർഗീസിന്റെയും കീഴിലാണ് ഡോ. എലിസബത്ത് ഫ്രാൻസിസ് ഗവേഷണം ആരംഭിച്ചത്. ഗവേഷകർക്കും കണ്ടെത്തലുകൾക്ക് മേൽനോട്ടം വഹിച്ച പ്രഫ. സാബു തോമസിനും മറ്റ് വിദഗ്ധർക്കും അഭിനന്ദനമറിയിക്കുന്നു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. റിച്ചാർഡ് ഫിലിപ്പ് ഫെയ്മാൻ ചെയറിന്റെ ചെയർ പ്രഫസറായി ജർമനയിൽനിന്നുള്ള ഡോ. റോബർട്ട് ബ്രൂവെൽ ചുമതലയേറ്റു. അദ്ദേഹത്തിന് സെനറ്റിന്റെ അഭിനന്ദനം അറിയിക്കുന്നു.

2023-24 ലെ ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി വനിത വോളിബോൾ ചാമ്പ്യൻസ് ഷിപ്പിൽ മഹാത്മാഗാന്ധി സർവ്വകലാശാലക്ക് ഒന്നാം സ്ഥാനം ലഭിച്ചു. ഇതിൽ പ്രവർത്തിച്ച എല്ലാ വതിതാ ടീം അംഗങ്ങളെയും പരിശീലകരെയും സെനറ്റ് അഭിനന്ദിക്കുന്നു.

ഇന്ത്യയുടെ ആദ്യ വിന്റർ ആർട്ടിക് പര്യവേഷണത്തിന്റെ നാലാമത്തെ സംഘത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ ഡീൻ ഡോ. കെ.ആർ. ബൈജു, അസമിലെ ഗുവഹത്തിയിൽ ഫെബ്രുവരി 18 മുതൽ നടക്കുന്ന ഖേലോ ഇന്ത്യ ദേശീയ

ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിന്റെ റഫറി പാനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷനിലെ ബിരുദാനന്തര ബിരുദ വിദ്യാർഥി കെ. ആനന്ദ് കൃഷ്ണൻ, പാലക്കാട് ലീഡ് കോളജ് ഓഫ് മാനേജ്മെന്റിൽ നടന്ന നാഷണൽ എന്റർപ്രണർഷിപ്പ് കോൺക്ലേവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിനെ പ്രതിനിധീകരിച്ച് പുരസ്കാരം നേടിയ ആർ.എസ്. കൃഷ്ണശ്രീ, എ. ഗൗതമി, എൽ. വിദ്യ, അപർണ രാജ് എന്നിവരെയും സർവകലാശാലാ സെനറ്റ് അനുമോദിക്കുന്നു.

ശേഷം അജണ്ട പ്രകാരമുള്ള ഇനങ്ങളിലേക്ക് കടക്കുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

## I. <u>ചോദ്യവും ഉത്തരവും:</u>

**<u>ഡോ. ബെന്നിച്ചൻ സ്കറിയ</u>**

**<u>ചോദ്യം:</u>**

1) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ NAAC Reaccreditaion നടപടിയിൽ ഉന്നതമായ ഗ്രേഡ് ലഭിക്കുന്നതിനായി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും മറ്റുമായി ഇതിനോടകം എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

ചോദ്യകർത്താവ് സഭയിൽ ഹാജരാവാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**<u>ഡോ. ജോബിൻ മാത്യു.</u>**

**<u>ചോദ്യം:</u>**

2) ഫോർ ഇയർ ഡിഗ്രി കോഴ്സിന്റെ സിലബസ് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ?

**<u>ഉത്തരം: ഡോ. ബിജു പുഷ്പൻ</u>**

ഫോർ ഇയർ ഡിഗ്രി കോഴ്സിന്റെ സിലബസ് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല.

**<u>ഉപചോദ്യം: ഡോ. ജോബിൻ മാത്യു</u>**

ഫോർ ഇയർ ഡിഗ്രി കോഴ്സിന്റെ സിലബസ് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ എന്ന് അപ് ലോഡ് ചെയ്യാൻ സാധിക്കും ?

**<u>ഉത്തരം: ഡോ. ബിജു പുഷ്പൻ</u>**

ഫോർ ഇയർ ഡിഗ്രി കോഴ്സിന്റെ സിലബസ് രൂപീകരണവുമായി ബന്ധപ്പെട്ട് വലിയൊരു structural change വരുന്നതിനാലും ഫിസിക്കൽ വെരിഫിക്കേഷൻ ആവശ്യമുള്ളതിനാലും ഇവ പൂർത്തീകരിച്ച് അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടെ മാത്രമേ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യാൻ സാധിക്കുകയുള്ളൂ.

**ശ്രീ. ഉണ്ണി എം.എസ്.**

**ചോദ്യം:**

3) NSS/NCC എന്നിവ FYUGP ൽ കോഴ്സുകളായി പരിഗണിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

ചോദ്യകർത്താവ് സഭയിൽ ഹാജരാവാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ഡോ. ഷിബു എം. ജോർജ്**

**ചോദ്യം:**

4) നാലു വർഷ ബിരുദ കോഴ്സുകൾ തുടങ്ങുമ്പോൾ NCC, NSS കലാ കായിക മേഖലകൾക്കുള്ള ഗ്രേസ് മാർക്ക് സംവിധാനം നിലവിൽ ഉള്ളതുപോലെ തുടരുമോ, അതോ മാറ്റങ്ങൾ ഉണ്ടാകുമോ? മാറ്റങ്ങൾ ഉണ്ടാകുമെങ്കിൽ എന്താണ് പുതിയതായി നിർദ്ദേശിച്ചിരിക്കുന്ന സംവിധാനം?

**ഉത്തരം: ഡോ. ബിജു പുഷ്പൻ**

നിലവിൽ ഇതുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല. ചർച്ചകൾ നടന്നുവരുകയാണ് . കൂടാതെ ഇതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പൊതുവായ നിർദ്ദേശം ലഭിക്കുമെന്ന് പ്രതിക്ഷിക്കുന്നു.

**ഡോ. സജു മാത്യു**

**ചോദ്യം:**

5) എം.ജി. സർവ്വകലാശാലയിൽ 2024 അധ്യയന വർഷം നടപ്പിൽ വരുത്തുന്ന നാലു വർഷ ഡിഗ്രി കോഴ്സുകളുടെ പൂർണ്ണമായ സിലബസ് സർവ്വകലാശാല വെബ് സൈറ്റിൽ എന്നു മുതൽ ലഭ്യമാകും, ബോർഡ് ഓഫ് സ്റ്റഡീസുകൾ സമർപ്പിച്ച ഏതെങ്കിലും വിഷയങ്ങളുടെ സിലബസുകളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ?

**ഉത്തരം: ഡോ. ബിജു പുഷ്പൻ**

ബോർഡ് ഓഫ് സ്റ്റഡീസ് സിലബസ് തയ്യാറാക്കി നൽകിയതിന് ശേഷം വിദഗ്ധ സമിതികൾ പരിശോധന നടത്തുകയും ഭേദഗതികൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. 2024 മാർച്ച് ഒന്നാം തീയതി വിവിധ പ്രോഗ്രാമുകളുടെ സിലബസ് അന്തിമരൂപത്തിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.ടി സിലബസുകൾ അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്.അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ് .

**ശ്രീ. ജോസഫ് ഡെറിൽ കെ.എസ്.**

**ചോദ്യം:**

6) സർവ്വകലാശാല രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച വിജ്ഞാപനം പുനഃക്രമീകരിച്ച് പുന പ്രസിദ്ധീകരിച്ചതിന്റെ കാരണം എന്താണ്? രണ്ട് വിജ്ഞാപനങ്ങളും തമ്മിലുള്ള അന്തരമെന്താണെന്നും നിയമന നടപടികൾ എവിടെ വരെയാണെന്നും വിശദമാക്കാമോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

11.09.2023 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ അംഗീകരിച്ചിട്ടുള്ള Schedule to Mahatma Gandhi University Ordinance 2023, Non-Teaching Service, എന്നതിലെ രജിസ്ട്രാർ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് Age -ൽ പരാമർശിച്ചിരിക്കുന്നത് Not less than 45 years എന്നതിനാലാണ് 16.11.2023 തീയതിയിലെ വിജ്ഞാപനത്തിൽ മാറ്റം വരുത്തിയത്.

**ശ്രീ. രാഹുൽ മോൻ രാജൻ**

**ചോദ്യം:**

7) സർവ്വകലാശാല ക്യാമ്പസിൽ നിന്നും വിദ്യാർത്ഥി DSU-ന്റെ യൂണിയൻ പ്രവർത്തനത്തിനായി 2020 അധ്യയന വർഷം മുതൽ നാളിതുവരെ എത്ര തുക ലഭിച്ചു എന്ന വിവരം വ്യക്തമാക്കുക?

**ഉത്തരം: ഡോ. ആർ അനിത**

സർവകലാശാല ക്യാമ്പസിൽ നിന്നും വിദ്യാർത്ഥി DSU ൻറെ യൂണിയൻ പ്രവർത്തനത്തിനായി 2020 അധ്യയന വർഷം മുതൽ നാളിതുവരെ ആകെ 3,13,970 /-രൂപ (മൂന്ന് ലക്ഷത്തി പതിമൂവായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം ) ലഭിച്ചിട്ടുണ്ട്.

**ശ്രീ. മുഹമ്മദ് സഹൽ**

**ചോദ്യം:**

8) 2020 മുതൽ സർവ്വകലാശാല യൂണിയൻ ഫണ്ട്, സ്റ്റുഡന്റസ് വെൽ ഫയർ ഫണ്ട് എന്നിവ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടും ആ തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുക?

ചോദ്യകർത്താവ് സഭയിൽ ഹാജരാവാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ഡോ. ബെന്നിച്ചൻ സ്കറിയ**

**ചോദ്യം:**

9) പരീക്ഷാ ഹാളിൽ ക്രമക്കേട് നടത്തുന്ന കുട്ടികൾക്ക് നൽകുന്ന ശിക്ഷണ രീതിക്ക് മാറ്റം എന്തെങ്കിലും ഉണ്ടോ? നിലവിൽ എത്ര ദിവസങ്ങൾക്ക് ശേഷമാണ് ശിക്ഷണ വിവരം കുട്ടികളെ അറിയിക്കുന്നത്?

ചോദ്യകർത്താവ് സഭയിൽ ഹാജരാവാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ഡോ. ഷിബു എം. ജോർജ്**

**ചോദ്യം:**

10) മഹാത്മാഗാന്ധി സർവ്വകലാശാല ബിരുദ കോഴ്സുകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ 2017 മുതൽ തക്കതായ കാരണങ്ങൾ രേഖാമൂലം നൽകാതെ ഹാജർ ആകാത്ത എത്ര അധ്യാപകർ ഉണ്ട്? അങ്ങനെയുള്ള അധ്യാപകർ ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം: ഡോ. ഷാജില ബീവി.എസ്**

നിലവിൽ ഇതുമായി ബന്ധപ്പെട്ട പൂർണമായ വിവരങ്ങൾ ലഭ്യമല്ല.

**ഡോ. ജോബിൻ മാത്യു.**

**ചോദ്യം:**

11) അഫിലിയേറ്റഡ് കോളേജിലെ ഡിപ്പാർട്ട്മെന്റുകളിൽ ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റിന്റെ റൊട്ടേഷൻ സംബന്ധിച്ച് യൂണിവേഴ്സിറ്റി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

നിലവിൽ എയ്ഡഡ് കോളേജുകളിലെ വകുപ്പുമേധാവി സ്ഥാനം റൊട്ടേഷൻ വ്യവസ്ഥയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റാറ്റ്യൂട്ട്സ് ഭേദഗതി വരുത്തുന്ന വിഷയം Statute Amendment Committee-യുടെ പരിഗണനയിലാണ്.

**ഡോ. ലിബിൻ കുര്യാക്കോസ്**

**ചോദ്യം:**

12) യു.ജി.സി.-യുടെ സ്വയംഭരണ കോളേജ് റെഗുലേഷൻ 2023 പുറത്തുവന്നതിനു ശേഷം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എത്ര കോളേജുകൾക്ക് സ്വയംഭരണ കോളേജ് പദവി നൽകിയതായി സർവ്വകലാശാലയെ യു.ജി.സി. അറിയിച്ചിട്ടുണ്ട്. അവയിൽ എത്ര കോളേജുകൾക്ക് സർവ്വകലാശാല സ്വയം ഭരണ പദവി അംഗീകരിച്ച് നൽകിയതായി ഉത്തരവ് ഇറക്കിയിട്ടുണ്ട്?

**<u>ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി</u>**

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 4 കോളേജുകൾക്ക് സ്വയംഭരണ പദവി നൽകിയതായി യു.ജി.സി സർവകലാശാലയെ അറിയിച്ചിരുന്നു. കോളേജുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു .

- സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൻ ,ആലുവ
- ഭാരത് മാതാ കോളേജ്, തൃക്കാക്കര
- സെന്റ് തോമസ് കോളേജ്, പാലാ
- നിർമ്മല കോളേജ്, മൂവാറ്റുപുഴ

മേൽ പറഞ്ഞ കോളേജുകൾക്ക് സ്വയംഭരണ പദവി അംഗീകരിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**<u>ഡോ. സനിൽകുമാർ എം.ജി</u>**

**<u>ചോദ്യം:</u>**

13) FYUGP Syllabus restructuring-ന്റെ ഭാഗമായി നടത്തിയ 5 ദിവസത്തെ FDP പരിപാടിയുടെ സർട്ടിഫിക്കറ്റുകൾ കൊടുത്തു തുടങ്ങിയോ? തുടങ്ങിയെങ്കിൽ എന്നു മുതൽ? തുടങ്ങിയിട്ടില്ലാ എങ്കിൽ എന്നു മുതൽ കൊടുത്തു തുടങ്ങും?

**<u>ഉത്തരം: ഡോ. ബിജു പുഷ്പൻ</u>**

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ syllabus restructuring -ന്റെ ഭാഗമായി നടത്തിയ അഞ്ച് ദിവസത്തെ FDP പരിപാടിയുടെ സർട്ടിഫിക്കറ്റുകൾ നിലവിൽ കൊടുത്തു തുടങ്ങിയിട്ടില്ല. സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കാലതാമസം കൂടാതെ നൽകുന്നതാണ്.

**<u>ശ്രീമതി. മായ എൻ.</u>**

**<u>ചോദ്യം:</u>**

14) നാലു വർഷ ബിരുദത്തിന് പ്രവേശനം നൽകുന്നതിനുള്ള പോർട്ടൽ സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ? എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തുന്നത് എന്ന് വിശദമാക്കാമോ?

**<u>ഉത്തരം: ഡോ. ബിജു പുഷ്പൻ</u>**

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള K-REAP -ന്റെ നേതൃത്വത്തിൽ പൊതുവായ ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ഡോ. ജോബിൻ മാത്യു**

**ചോദ്യം:**

15. പ്രധാനമന്ത്രി ഉച്ചധാർ അഭയാൻ പ്രകാരം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഗ്രാന്റിന് അപേക്ഷിച്ചിരുന്നോ? ഇല്ലെങ്കിൽ കാരണം എന്ത്?

**ഉത്തരം: ഡോ.എ.ജോസ്**

പ്രധാന മന്ത്രി ഉച്ചധാർ ശിക്ഷ അഭയാൻ പ്രകാരം സർവകലാശാലയ്ക്കു ലഭിക്കേണ്ട ഗ്രാന്റിന് അപേക്ഷിച്ചിട്ടുണ്ട്.

**ശ്രീ. റ്റിറ്റു തോമസ്**

**ചോദ്യം:**

16. മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലുള്ള കോളേജുകളിൽ പരീക്ഷകൾ (തിയറി & പ്രാക്ടിക്കൽ) കഴിഞ്ഞു അയക്കുന്ന പരീക്ഷ ബില്ലുകളിൽ തുക ക്രമാതീതമായി വെട്ടി കുറയ്ക്കുന്നതായി കാണുന്നു. മുൻവർഷങ്ങളിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് തുക അനുവദിക്കാൻ കഴിയാത്തതു എന്ന് യൂണിവേഴ്സിറ്റി കാണിച്ചിരുന്നുവെങ്കിലും,ഇപ്പോൾ ബില്ലുകളിൽ എവിടെയാണ് തുക കുറക്കുന്നത് എന്ന് രേഖപ്പെടുത്തുന്നില്ല .ഇത് എന്ത് കൊണ്ടാണെന്നു വിശദീകരിക്കാമോ ?

**ഉത്തരം: ഡോ.ഷാജില ബീവി.എസ്**

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ബില്ലുകളിന്മേൽ (Conduct of Examination - Theory & Practical ) അതതു വർഷത്തെ യൂണിവേഴ്സിറ്റി പരീക്ഷാ കലണ്ടർ അനുസരിച്ച് പരിശോധിച്ച് തുക അനുവദിക്കുകയാണ് ചെയ്തു വരുന്നത് . പാസ്സാക്കുന്ന ഓരോ ബില്ലിനോടൊപ്പവും സ്ഥാപന മേധാവിയുടെ വിലാസത്തിൽ നിശ്ചിത format ൽ വിശദീകരണവും നൽകാറുണ്ട് . ഏതൊക്കെ വിഭാഗങ്ങളിലാണ് തുക അനുവദിക്കാൻ കഴിയാത്തത് എന്ന് 'Details of the amount disallowed ' എന്ന ശീർഷകത്തിൽ വ്യക്തമാക്കാറുണ്ട് .

**ഡോ. ലിബിൻ കുര്യാക്കോസ്**

**ചോദ്യം:**

17. യു.ജി.സി.-യുടെ സ്വയം ഭരണ കോളേജ് പോർട്ടൽ വഴി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഏതൊക്കെ കോളേജുകളിൽ 2023 ഏപ്രിൽ മാസത്തിന് ശേഷം സ്വയംഭരണ പദവിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർവ്വകലാശാല അധികാരികൾ പരിശോധന നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്, കൂടാതെ ഏതൊക്കെ കോളേജുകളുടെ അപേക്ഷയിന്മേൽ പരിശോധന നടത്താതിരിക്കുകയും ചെയ്തിട്ടുണ്ട്?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ.പി**

യു.ജി.സി.-യുടെ സ്വയം ഭരണ പദവിക്കായി അപേക്ഷിക്കുന്നതിന് സർവ്വകലാശാലയുടെ അറിവോ സമ്മതമോ ആവശ്യമില്ല. എന്നിരുന്നാലും സർവ്വകലാശാല സ്വന്തം നിലക്ക് തിരുവല്ല, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, പാത്താമുട്ടം, സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, SCMS സ്കൂൾ ഓഫ് ടെക്നോളജി & മാനേജ്മെന്റ്, കളമശ്ശേരി, എം.എ. കോളേജ്, രാമപുരം എന്നീ കോളേജുകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമൻ, ആലുവ, ഭാരത് മാതാ കോളേജ്, തൃക്കാക്കര,സെന്റ് തോമസ് കോളേജ്, പാലാ, നിർമ്മല കോളേജ്, മൂവാറ്റുപുഴ എന്നീകോളേജുകൾ സ്വയം ഭരണ പദവിക്കായി നൽകിയിട്ടുള്ള അപേക്ഷയിന്മേൽ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**ശ്രീ. സാബു മുകുന്ദൻ**

**ചോദ്യം:**

18. യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നടക്കുന്ന പരീക്ഷ ചെലവുകൾ റെമ്യൂണറേഷൻ ഉൾപ്പെടെയുള്ളവയിൽ കലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ? വിശദമാക്കാമോ?

**ഉത്തരം: ഡോ. ഷാജില ബീവി.എസ്**

യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നടക്കുന്ന പരീക്ഷ ചെലവുകൾ റെമ്യൂണറേഷൻ ഉൾപ്പെടെയുള്ളവയിൽ കലാനുസൃതമായ വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച വിഷയം വിശദമായി പരിശോധിച്ച വരികയാണ്.

**ശ്രീ. അജിൻ തോമസ്**

**ചോദ്യം:**

19. സർവ്വകലാശാല യൂണിയൻ ഫണ്ട്, സ്റ്റുഡന്റ്സ് വെൽ ഫെയർ ഫണ്ട് എന്നിവ 2020 അധ്യയന വർഷം മുതൽ നാളിതുവരെ എത്ര തുക ആകെ സർവ്വകലാശാലക്ക് കീഴിലുള്ള സെൽഫ് ഫിനാൻസിംഗ് എയ്ഡഡ്, ഗവൺമെന്റ് കോളേജുകൾ, സർവ്വകലാശാല ക്യാമ്പസുകൾ എന്നി വിടങ്ങളിൽ നിന്ന് ലഭിച്ച എന്ന വിവരം വ്യക്തമാക്കുക

**ഉത്തരം: ഡോ.ബിജു തോമസ്**

സർവകലാശാലയുടെ കീഴിലുള്ള സെൽഫ് ഫിനാൻസിങ്ങ്/അൺ എയ്ഡഡ് കോളേജുകളിൽ നിന്നും2020 അധ്യയന വർഷം മുതൽ നാളിതുവരെ

- സർവകലാശാല യൂണിയൻ ഫണ്ട് ഫീസിനത്തിൽ 1,16,33,652/- രൂപയും (ഒരു കോടി പതിനാറു ലക്ഷത്തി മുപ്പത്തി മൂവായിരത്തി അറുനൂറ്റി അൻപത്തി രണ്ട് രൂപാ മാത്രം)

•സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് ഫീസിനത്തിൽ 72,12,397/- രൂപയും (എഴുപത്തി രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഏഴു രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.

2020-21 മുതൽ 2023-24 വരെ അക്കാദമിക വർഷങ്ങളിൽ എയ്ഡഡ്/ഗവണ്മെന്റ്,സർവ്വകലാശാലാ ക്യാമ്പസുകൾ എന്നിവടങ്ങളിൽ നിന്ന് ലഭിച്ചയൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട്, സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു .

| ക്രമനം. | ഇനം | 2020-21 മുതൽ 2023-24 വരെ ലഭിച്ച ആകെ തുക | |
|---|---|---|---|
| | | എയ്ഡഡ്/ഗവ. കോളേജുകൾ | സർവ്വകലാശാല ക്യാമ്പസുകൾ |
| 1. | യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് | **1,57,21,875/-രൂപ**(ഒരു കോടി അൻപത്തിയേഴു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) | **3,11,935/-രൂപ** (മൂന്നു ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി മുപ്പത്തഞ്ച് രൂപ മാത്രം) |
| 2. | സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട് | **95,83,422/-രൂപ** (തൊണ്ണൂറ്റി അഞ്ച് ലക്ഷത്തിഎൺപത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) | **2,10,985/-**രൂപ(രണ്ടു ലക്ഷത്തി പതിനായിരത്തി തൊള്ളയിരത്തി എൺപത്തഞ്ച് രൂപ മാത്രം) |

**ഉപചോദ്യം: ശ്രീ. അജിൻ തോമസ്**

ഒരു വിദ്യാർത്ഥിയിൽ നിന്ന് സർവകലാശാല യൂണിയൻ ഫണ്ട് , സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് എന്നീ ഇനങ്ങളിൽ നിന്ന് എത്ര രൂപ വീതമാണ് ഈടാക്കുന്നത് ?

**ഉത്തരം: ഡോ.ബിജു തോമസ്**

ഒരു വിദ്യാർത്ഥിയിൽ നിന്ന് സർവകലാശാല യൂണിയൻ ഫണ്ട് ഇനത്തിൽ **60/-** രൂപയും സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് ഇനത്തിൽ **40/-** രൂപയും ഈടാക്കുന്നുണ്ട്.

**ശ്രീ. സുരേഷ് എം.എസ്**

**ചോദ്യം:**

20. 2024-25 അധ്യയന വർഷം മുതൽ സർവ്വകലാശാലയിൽ FYUGP തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഈ കോഴ്സുകളുടെ സുഗമമായ നടത്തിപ്പിന് കാര്യക്ഷമതയുള്ള സോഫ്റ്റ് വെയർ സംവിധാനം അത്യന്താപേക്ഷിതമാണ്. FYUGP നടത്തിപ്പിനുള്ള സോഫ്റ്റ് വെയർ ഏതു രീതിയിൽ വികസിപ്പിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടോ, അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുക.

**ഉത്തരം: ഡോ. ബിജു പുഷ്പൻ**

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള K-REAP -ന്റെ നേതൃത്വത്തിൽ പൊതുവായ ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ശ്രീമതി. മായ എൻ.**

**ചോദ്യം:**

21. കൂടുതൽ കോളേജുകൾ സ്വയം ഭരണ പദവിയിലേക്ക് മാറുന്നതും മറ്റ് കോളേജുകളിലേക്ക് യൂണിവേഴ്സിറ്റി പ്രവേശനം നൽകുന്ന കുട്ടികളുടെ എണ്ണത്തിൽ വലിയ തോതിൽ കുറവ് സംഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയുടെ സാമ്പത്തികം, ജോലിഭാരം, സേവന വ്യവസ്ഥിതി തുടങ്ങിയവയിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് കൃത്യമായ വിശകലനം നടത്തിയിട്ടുണ്ടോ? എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ

**ഉത്തരം: ശ്രീ.ഹരികൃഷ്ണൻ .പി**

കോളേജുകൾ സ്വയം ഭരണ പദവിയിലേക്ക് മാറുന്നതിനെ തുടർന്ന് ജോലിഭാരത്തിൽ മാറ്റം ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

**ശ്രീ. ജോസഫ് ഡെറിൽ കെ.എസ്.**

**ചോദ്യം:**

22. നാലു വർഷ ബിരുദ പ്രോഗ്രാമുകളിൽ ന്യൂജനറേഷൻ പ്രോഗ്രാമുകളായ ബിസിഎ, ബി എസ് സി കമ്പ്യൂട്ടർ സയൻസ്, ബയോ ടെക്നോളജി, മൈക്രോബയോളജി പ്രോഗ്രാമുകളിൽ സിലബസ് രൂപീകരിച്ച സമയത്ത് തിയറിക്ക് ഉള്ളതുപോലെ തുല്യമായ ക്രെഡിറ്റ് പ്രാക്റ്റിക്കലിന് നൽകാത്തത് എന്തുകൊണ്ടാണ്? അത് നൽകുന്നതിന് സർവ്വകലാശാലയ്ക്ക് തടസ്സങ്ങൾ ഉണ്ടോ? പ്രാക്ടിക്കൽ ക്ലാസുകൾ കുറയുന്നത് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പ്രാക്ടിക്കൽ അറിവ് കുറയുന്നത് കാരണമാവില്ലേ. ഇത് പരിശോധിക്കുന്നതിന് സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് വ്യക്തമാക്കുക.

**ഉത്തരം: ഡോ. ബിജു പുഷ്പൻ**

ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായിട്ടുള്ള ചർച്ചകൾ ബോർഡ് ഓഫ് സ്റ്റഡീസ് -ന്റെ നേതൃത്വത്തിൽ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്.

**ശ്രീ. സുബിൻ വർഗ്ഗീസ്**

**ചോദ്യം:**

23. Four Year Degree Programme നടപ്പിലാക്കാൻ സർവ്വകലാശാല വലിയ തുക ചിലവാക്കേണ്ടി വരുന്നു. ഇതിൽ എത്ര രൂപ Govt. Contribution ആണ്? എത്ര രൂപ യൂണിവേഴ്സിറ്റി സ്വരൂപിച്ചു? FYUGP നടപ്പിലാക്കാൻ ഇത് വരെ എത്ര രൂപ ചിലവഴിച്ചു?

**ഉത്തരം: ഡോ.സുധാകരൻ കെ.എം**

Four Year Under Graduate Programme നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് വിവിധ ആവശ്യങ്ങൾക്കായി നാളിതുവരെ അറുപത് ലക്ഷം രൂപയിൽ അധികം സർവ്വകലാശാല ചെലവഴിച്ചിരിക്കുന്നു. ആയതിനായി പ്രത്യേക ഫണ്ട് സർവ്വകലാശാല സ്വരൂപിച്ചിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും പ്രത്യേകമായി Fund ഒന്നും തന്നെ ലഭിച്ചിരുന്നില്ല.

**ഡോ. സനിൽകുമാർ എം.ജി**

**ചോദ്യം:**

24. സർവ്വകലാശാലയുടെ 09.10.2023 ലെ 10512/ACA 6/2023 നമ്പർ ഉത്തരവ് പ്രകാരം കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള fellowship-കൾ കൊടുത്തു തുടങ്ങിയോ? തുടങ്ങിയെങ്കിൽ എന്നു മുതൽ? തുടങ്ങിയിട്ടില്ലാ എങ്കിൽ എന്നു മുതൽ നൽകി തുടങ്ങും?

**ഉത്തരം: ഡോ.ബി. കേരളവർമ്മ**

ഫെലോഷിപ് അനുവദിക്കപ്പെട്ട ഗവേഷകരുടെ ക്ലെയിം ബില്ലുകൾ ഫിനാൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്.

**ശ്രീ. സുബിൻ വർഗ്ഗീസ്**

**ചോദ്യം:**

25. ഇപ്പോൾ പല അലോട്ട്മെന്റ് ആയിട്ട് ആണ് കുട്ടികളുടെ അഡ്മിഷൻ നടക്കുന്നത്. FYUGP വരുമ്പോൾ ഒരു തവണ കൊണ്ട് അഡ്മിഷൻ പൂർത്തിയാക്കാൻ എന്ത് നടപടി ആണ് യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം: ഡോ.ബിജു പുഷ്പൻ**

Four Year UG Programme (FYUGP) -ലേക്കുള്ള പ്രവേശന നടപടികൾ സംബന്ധിച്ചുള്ള തീരുമാനങ്ങളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല

**ശ്രീ. സുരേഷ് എം.എസ്**

**ചോദ്യം:**

26. പുതുതായി രൂപീകരിച്ച സ്കൂളുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നുണ്ടോ?

**ഉത്തരം: അഡ്വ. റെജി സക്കറിയ**

പുതുതായി ആരംഭിച്ച പഠനവകുപ്പുകളിൽ അടിയന്തരമായി സ്ഥിരം അധ്യാപക തസ്തികകൾ അനുവദിക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്.

**ഡോ. സിന്ധു കെ.**

**ചോദ്യം:**

27. 01/01/2023 -ന് ശേഷം എയ്ഡഡ് കോളേജുകളിൽ നടത്തിയ പ്രിൻസിപ്പൽ നിയമനങ്ങളിൽ ഇത് വരെ യൂണിവേഴ്സിറ്റി അംഗീകാരം നൽകാത്ത നിയമനങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിലെ നിയമനങ്ങളാണ് ഇനിയും അംഗീകരിക്കാത്തതായുള്ളത്? അതിനുള്ള കാരണം ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുക.

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ.പി**

01.01.2023 ന ശേഷം സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെയും എയ്ഡഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെയും പ്രിൻസിപ്പൽ തസ്തികയിൽ നിയമിതരായ അധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് 19 (പത്തൊൻപത്) ശുപാർശകൾ ലഭിച്ചിട്ടുള്ളതും ആയതിൽ 5 (അഞ്ച്) നിയമനങ്ങൾക്ക് അംഗീകാരം നല്കിയിട്ടില്ലാത്തതുമാണ്.

നിയമനാംഗീകാരം നൽകാത്തത് സംബന്ധിച്ച വിശദാംശങ്ങൾ :

| നം | കോളേജ് | നിയമനം അംഗീകരിയ്ക്കാത്തതിന്റെ കാരണം |
|---|---|---|
| 1 | ശ്രീ ശങ്കര വിദ്യാപീഠം കോളേജ് ,വളയൻചിറങ്ങര | നിയമനാംഗീകാര ശുപാർശ യിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | കെ ജി കോളേജ് , പാമ്പാടി | നിയമനാംഗീകാര ശുപാർശ യിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | കാതോലിക്കേറ്റ് കോളേജ് , | നിയമനാംഗീകാര ശുപാർശയിന്മേൽ നടപടികൾ സ്വീകരിച്ചത് വരുന്നു. |
| 4 | സെന്റ് അലോഷ്യസ് കോളേജ്, എടത്വ | നിയമനാംഗീകാര ശുപാർശയിന്മേൽ നടപടികൾ സ്വീകരിച്ചത് വരുന്നു. |
| 5 | എം എ കോളേജ് , കോതമംഗലം | ബഹു.കേരള ഹൈക്കോടതിയിൽ കേസുകൾ നിലനിൽക്കുന്നതിനാലും നിയമനാംഗീകാരം നൽകുന്ന വിഷയത്തിൽ തടസ്സം നിലനിൽക്കുന്നു. |

**ശ്രീ. സാബു മുകുന്ദൻ**

**ചോദ്യം:**

28. 5 ജില്ലകളായി പ്രവർത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി അറിയിപ്പുകൾ (പരീക്ഷ പ്രഖ്യാപനം, ടൈം ടേബിൾ, റിസൾട്ട് മുതലായവ) സമയ ബന്ധിതമായി വേഗത്തിൽ ലഭ്യമാക്കുന്നതിന് പ്രിന്റ് മീഡിയ (പത്രങ്ങൾ) അല്ലാതെ മറ്റു ആധുനിക വാർത്താവിനിമയ മാർഗ്ഗങ്ങൾ ഉപയോഗിക്കാറുണ്ടോ? ഉണ്ടെങ്കിൽ അവ ഏതെല്ലാം? വിശദമാക്കാമോ?

**ഉത്തരം: ഡോ.ഷാജില ബീവി.എസ്**

സർവ്വകലാശാലാ അറിയിപ്പുകൾ എല്ലാ ദിവസവും പത്രങ്ങൾക്ക് നൽകുന്നതിനു പുറമെ മുഖ്യധാരാ ടെലിവിഷൻ ചാനലുകൾക്കും ഓൺലൈൻ ചാനലുകൾക്കും ഈ കാര്യാലയത്തിൽനിന്ന് ഈ-മെയിൽ മുഖേനയും വാട്സപ്പ് മുഖേനയും നൽകുന്നുണ്ട്.

സവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.mgu.ac.in) പ്രസ്തുത വിവരങ്ങൾ എല്ലാ ദിവസവും പ്രസിദ്ധീകരിക്കുന്നുണ്ട്. സർവ്വകലാശാലയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലും (https://www.facebook.com/mahatmagandhiuniversitykerala) ഇൻസ്റ്റഗ്രാം അക്കൗണ്ടിലും (https://www.instagram.com/mgu.ac.in) പ്രസ്തുത വിവരങ്ങൾ കാർഡ്, ടെക്സ്റ്റ് ഫോർമാറ്റുകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

**ഡോ. നൗഷാദ് പി.പി.**

**ചോദ്യം:**

29. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠന വകുപ്പുകളിൽ ഒഴിവുള്ള അധ്യാപക തസ്തികകളിലേക്ക് വിജ്ഞാപനം നടത്തിയ ശേഷം നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ. പി**

സർവ്വകലാശാല പഠനവകുപ്പുകളിൽ ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരിക്കുന്ന റിട്ട് പെറ്റീഷൻ WP(C)43707/2023 -യിന്മേൽ തീരുമാനം വരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**ശ്രീ.അശ്വൻ രാജൻ വർഗ്ഗീസ്**

**ചോദ്യം:**

30. 30.10.2023-ന് ചേർന്ന സർവ്വകലാശാല സെനറ്റ് യോഗത്തിൽ ഗവേഷകർക്കുള്ള യൂണിവേഴ്സിറ്റി JRF എല്ലാ വർഷവും നിശ്ചിത ശതമാനം വീതം വർദ്ധിപ്പിക്കണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുകയും സെനറ്റ് യോഗം അത് അംഗീകരിക്കുകയും

ചെയ്തിരുന്നു. ഇതേ തുടർന്ന് ഈ വിഷയം ബഹുമാനപ്പെട്ട വൈസ് ചാൻസിലർ സർവകലാശാല സിൻഡിക്കേറ്റിന്റെ തീരുമാനത്തിനായി സമർപ്പിച്ചതായി മനസിലാക്കുന്നു. എന്നാൽ ഇതിൻമേൽ എന്ത് തീരുമാനമാണ് സർവ്വകലാശാല കൈക്കൊണ്ടിട്ടുള്ളത്?

**ഉത്തരം: ഡോ. ബി.കേരളവർമ്മ**

പ്രസ്തുത വിഷയം പരിശോധിച്ച് വരുകയാണ്.

**ശ്രീമതി. മായ എൻ.**

**ചോദ്യം:**

31. നിലവിൽ യു.ജി. കോഴ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള ഓർഗാനിക് ഫാമിംഗ് പ്രോഗ്രാം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധൂകരിക്കുന്ന രീതിയിലാണോ നടപ്പിലാക്കി വരുന്നത്? കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രായോഗികമായ തലത്തിൽ പരിഷ്കരിക്കാമോ?

**ഉത്തരം: ഡോ. സുധാകരൻ.കെ.എം**

നിലവിൽ യു.ജി. കോഴ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള ഓർഗാനിക് ഫാമിംഗ് പ്രോഗ്രാം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധൂകരിക്കുന്ന രീതിയിലാണ് നിലവിൽ നടന്നുവരുന്നത്.

**ഉപചോദ്യം: മായ എൻ**

2024 ൽ pass out ആകുന്ന വിദ്യാർത്ഥികളുടെ പരീക്ഷ ഉടൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം: ഡോ. സുധാകരൻ.കെ.എം**

ടി വിഷയവുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

**ഡോ. ബെന്നിച്ചൻ സ്കറിയ**

**ചോദ്യം:**

32. യൂണിവേഴ്സിറ്റിയുടെ റിസേർച്ച് ഗൈഡുമാരുടെ ലിസ്റ്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യാത്തതിന് എന്തെങ്കിലും കാരണം ഉണ്ടോ? അത് എന്നത്തേയ്ക്ക് അപ് ലോഡ് ചെയ്യും?

ചോദ്യകർത്താവ് സഭയിൽ ഹാജരാവാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ഡോ. ബിജു എം.കെ**

**ചോദ്യം:**

33. പുതിയ കോഴ്സ്കൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ നയം അനുസരിച്ച് 5 വർഷത്തിനു ശേഷം സ്ഥിര അധ്യാപകരെ നിയമിക്കുന്നതിൽ IIRBS, IMPSS എന്നീ

സെന്ററുകളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള യൂണിവേഴ്സിറ്റിയിലെ നടപടികൾ എത്രത്തോളമായി?

**ഉത്തരം: അഡ്വ.റെജി സക്കറിയ**

IIRBS, IMPSS എന്നീ സെന്ററുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുവാദത്തിനായി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്.

**ഡോ. ഷിബു എം. ജോർജ്**

**ചോദ്യം:**

34. 2024 -25 അക്കാദമിക വർഷം നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്ലസ് ടു അധ്യാപകർക്കും വിദ്യാർത്ഥികൾക്കിടയിലും എന്തെങ്കിലും പ്രചാരണനടപടികൾ ആലോചിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സമയക്രമവും രൂപരേഖയും വ്യക്തമാക്കുമോ?

**ഉത്തരം: ഡോ. ബിജു പുഷ്പൻ**

സർവ്വകലാശാലാ തലത്തിൽ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനായുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. പ്ലസ് ടു അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡോ. ഷിജോ കെ. ചെറിയാൻ**

**ചോദ്യം:**

35. അടുത്ത വർഷം പുതിയ നാലുവർഷ ഡിഗ്രി പ്രോഗ്രാമുകൾ കോളേജുകളിൽ നടപ്പിലാക്കുമ്പോൾ നിലവിലുള്ള "സിംഗിൾ ഫാക്കൽറ്റി" അധ്യാപകരുടെ വർക്ക് ലോഡ് സംരക്ഷിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? അതിനുള്ള നിർദ്ദേശങ്ങൾ അതത് ബോർഡ് ഓഫ് സ്റ്റഡീസുകൾക്ക് നൽകിയിട്ടുണ്ടോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

നാലുവർഷ ഡിഗ്രി പ്രോഗ്രാമുകൾ നടപ്പിലാക്കുമ്പോൾ "സിംഗിൾ ഫാക്കൽറ്റി" അദ്ധ്യാപകരുടെ വർക്ക് ലോഡ് സംബന്ധിച്ച വിശദമായ ഉത്തരവുകൾ സർക്കാർ തലത്തിൽ ലഭ്യമാകും എന്നാണ് അറിയിച്ചിട്ടുള്ളത്.

**ഉപചോദ്യം : ഡോ. ഷിജോ കെ. ചെറിയാൻ**

പല"സിംഗിൾ ഫാക്കൽറ്റി" കൾക്കും വേണ്ട സിലബസ് നിലവിലുള്ളതായി കാണുന്നില്ല എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡോ. ഷിജോ കെ. ചെറിയാൻ**

**ചോദ്യം:**

36. പുതിയ നാലുവർഷ ഡിഗ്രി പ്രോഗ്രാമുകളുടെ ഭാഗമായ ഡബിൾ മേജർ പ്രോഗ്രാമുകൾ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകാൻ ഓട്ടോണമസ് കോളേജുകൾ യൂണിവേഴ്സിറ്റിയിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ? യൂണിവേഴ്സിറ്റിയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും അടുത്ത അധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് ഡബിൾ മേജർ പ്രോഗ്രാം ചെയ്യുവാൻ സാധിക്കുമോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ. പി**

പ്രസ്തുത വിഷയം നിലവിൽ നാലുവർഷ ഡിഗ്രി പ്രോഗ്രാമുകളുടെ ചട്ടങ്ങൾ രൂപീകരിക്കുന്ന കമ്മിറ്റിയുടെ പരിഗണനയിലാണ്.

**ശ്രീ. സാബു മുകുന്ദൻ**

**ചോദ്യം:**

37. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റഡ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി യൂണിവേഴ്സിറ്റിയിൽ എത്തുന്ന വിദ്യാർത്ഥികൾക്കായി യൂണിവേഴ്സിറ്റി ക്യാമ്പസിൽ ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ (Amenities) എന്തെല്ലാം? വിശദമാക്കാമോ?

**ഉത്തരം: ഡോ. എ.ജോസ്**

- സർവകലാശാലയിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് വിശ്രമിക്കുന്നതിലേക്കായി ഇരിപ്പിടങ്ങൾ സർവകലാശാലയുടെ പരീക്ഷ ഭവൻ, അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക് എന്നിവിടങ്ങളിലും മറ്റു വിവിധ ഭാഗങ്ങളിലും ഒരുക്കിയിട്ടുണ്ട്.
- പരീക്ഷ ഭവൻ, അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക് എന്നിവിടങ്ങളിലും മറ്റും വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുക വഴി 24 മണിക്കൂറും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.
- സർവകലാശാലയുടെ വിവിധ ഇടങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- വിദ്യാർത്ഥികൾക്ക് സർവകലാശാലയുടെ വിവിധ ഭാഗങ്ങൾ അറിയുന്നതിനായും വേഗത്തിൽ എത്തിച്ചേരുന്നതിനായും ദിശ കാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക റാമ്പ് & റെയിൽ സജ്ജീകരണം, ബഗ്ഗി കാർ സേവനം എന്നിവ സജ്ജമാക്കിയിട്ടുണ്ട്.
- വിദ്യാർത്ഥികളുടെ സൗകര്യത്തിലേയ്ക്ക് ആവശ്യമുള്ള പക്ഷം ഉപയോഗിക്കുന്നതിനായി വീൽചെയർ സംവിധാനം ഒരുക്കിയിട്ടുണ്ട്.

- സുസജ്ജവും മേന്മ ഉറപ്പു വരുത്തിയതുമായ കാന്റീൻ/കഫെ സംവിധാനം സർവകലാശാലയുടെ വിവിധ ഭാഗങ്ങളിൽ ലഭ്യമാണ്.
- മെഡിക്കൽ ഓഫീസറുടെ സേവനം ഉള്ള സർവകലാശാല ഹെൽത്ത് സെന്റർ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.
- കൊച്ചുകുട്ടികളുമായി വരുന്ന വിദ്യാർത്ഥികൾക്ക് / രക്ഷിതാക്കൾക്ക് ഫീഡിംഗ് റൂം സംവിധാനം ഒരുക്കിയിട്ടുണ്ട്.
- സർവകലാശാലയുടെ വിവിധ ഇടങ്ങളിൽ വൃത്തിയുള്ള ടോയ്‌ലെറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.
- 24 മണിക്കൂറും സേവനസന്നദ്ധരായ സെക്യൂരിറ്റി സ്റ്റാഫ് സംവിധാനം പ്രധാന ഗേറ്റുകളിലും ബ്ലോക്കുകളിലും ഒരുക്കപ്പെട്ടിരിക്കുന്നു.
- ഇതോടൊപ്പം തന്നെ വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 'suggestion box' വിവിധ ബ്ലോക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

**ഡോ. സുജ മാത്യു**

**ചോദ്യം:**

38. 2024 ജനവരി 31 വരെ എം.ജി. സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ വിവിധ വിഷയങ്ങളിൽ പ്രൊഫസർഷിപ്പ് ലഭിച്ചിട്ടുള്ള അധ്യാപകരുടെ എണ്ണം എത്രയാണ്? പ്രൊഫസർഷിപ്പ് സംബന്ധിച്ച് ഫയലുകൾ എത്ര എണ്ണം തീർപ്പാക്കുവാനുണ്ട്.

**ഉത്തരം: ശ്രീ.ഹരികൃഷ്ണൻ പി**

എം.ജി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ 2024 ജനവരി 31 വരെ വിവിധ വിഷയങ്ങളിലായി 91 അദ്ധ്യാപകർക്ക് പ്രൊഫസർ സ്ഥാനക്കയറ്റ അംഗീകാരം നൽകിയിട്ടുണ്ട്. 26 അദ്ധ്യാപകരുടെ പ്രൊഫസർ സ്ഥാനക്കയറ്റ അംഗീകാര അപേക്ഷയിന്മേൽ തീരുമാനം/ നടപടികൾ കൈകൊള്ളാനുണ്ട്. ടി അപേക്ഷകളിൽ 16 എണ്ണം യുജിസി റെഗുലേഷൻ 2018 പ്രകാരമല്ല നടന്നിട്ടുള്ളത്. മറ്റുള്ള സ്ഥാനക്കയറ്റ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉപചോദ്യം: ശ്രീ. സജിത്ത് ബാബു എസ്**

ടി വിഷയവുമായി ബന്ധപ്പെട്ട് റിസർച്ച് സ്കോർ പരിഗണിക്കുന്നതിൽ കോൺഫറൻസ് പ്രൊസീഡിങ്ങ്സ് പരിഗണിക്കുന്നുണ്ടോ ?

**ഉത്തരം: ശ്രീ.ഹരികൃഷ്ണൻ പി**

കോൺഫറൻസ് പ്രൊസീഡിങ്ങ്സ് പരിഗണിക്കുന്നത് പബ്ലിക്കേഷൻ സെലക്ഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും.

**ഉപചോദ്യം: ഡോ. സിമി സെബാസ്റ്റ്യൻ**

പ്രൊഫസർഷിപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കാലതാമസം കൂടാതെ പ്ലേസ്മെന്റ് നൽകുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ് ?

**ഉത്തരം: ശ്രീ.ഹരികൃഷ്ണൻ പി**

അപേക്ഷകളിൽ കാലതാമസം നേരിടാറില്ല. എന്നാൽ പ്രസ്തുത അപേക്ഷകളിൽ എന്തെങ്കിലും പിഴവുകൾ ഉണ്ടെങ്കിൽ അവ തിരുത്തൽ വരുത്തി പുനഃസമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ആണ് നിലവിൽ ഉള്ളത്.

**ശ്രീ.അശ്വൻ രാജൻ വർഗ്ഗീസ്**

39. സർവ്വകലാശാലയിലെ സ്ഥിര അധ്യാപക നിയമനത്തിനായുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി കഴിഞ്ഞതായി മനസിലാക്കുന്നു. എന്നാൽ നാളിതുവരെയായും അധ്യാപക നിയമനം സംബന്ധിച്ച തുടർ നടപടികൾ നടക്കുകയോ അധ്യാപക നിയമനം നടക്കുകയോ ചെയ്തിട്ടില്ല. NAAC വിസിറ്റിന്റെ മുൻപായി നടത്താമായിരുന്ന നിയമനം എന്തുകൊണ്ടാണ് വൈകുന്നത്? ഈ നിയമനങ്ങൾ നടത്തുവാൻ ഇനി എത്ര കാലതാമസം ഉണ്ടാകും?

**ഉത്തരം: ശ്രീ.ഹരികൃഷ്ണൻ പി**

സർവ്വകലാശാല പഠനവകുപ്പുകളിൽ ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് പ്രകാരം അപേക്ഷകൾ ലഭിക്കുകയുമുണ്ടായി. 2024 ജനുവരി 1 ആയിരുന്നു അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കേണ്ട അവസാന തീയതി. ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരിക്കുന്ന റിട്ട് പെറ്റീഷന്മേൽ തീരുമാനം വരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**ശ്രീ. ലിബൂസ് ജേക്കബ് എബ്രഹാം**

**ചോദ്യം:**

40. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക്, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും വിദേശപൗരൻമാരുമായുള്ള എത്ര വിദ്യാർത്ഥികൾ നിലവിൽ പഠിക്കുന്നുണ്ട്? കോളേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കിയാലും

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും വിദേശ പൗരന്മാരുമായുള്ള എത്ര വിദ്യാർഥികൾ നിലവിൽ പഠിക്കുന്നുണ്ട് എന്നുള്ള വിവരത്തിന്റെ കോളേജ് തിരിച്ചുള്ള കണക്ക് സർവ്വകലാശാലയിൽ ലഭ്യമല്ല.

**ശ്രീ. മുഹമ്മദ് സഹൽ**

**ചോദ്യം:**

41. സർവ്വകാലശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻസ് യൂണിയന്റെ പ്രവർത്തനത്തിനായുള്ള DSU, സ്റ്റാഫ് അഡ്വൈസർ എന്ന പേരിൽ ഉള്ള അകൗണ്ടിൽ നിന്നുള്ള തുക ആരുടെ നിർദ്ദേശപ്രകാരമാണ് സർവ്വകലാശാല അകൗണ്ടിലേക്ക് മാറ്റിയതെന്നും എത്ര തുക മാറ്റിയതെന്നും വ്യക്തമാക്കുക

ചോദ്യകർത്താവ് സഭയിൽ ഹാജരാവാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ശ്രീ. ഉണ്ണി എം.എസ്.**

**ചോദ്യം:**

42. സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ വകുപ്പ് മേധാവി പദവിയിലേക്ക് അസിസ്റ്റന്റ് പ്രൊഫസർ മാത്രമുള്ള വകുപ്പുകളിൽ റൊട്ടേഷൻ സമ്പ്രദായം ഇപ്പോളും നിലനിൽക്കുന്നുണ്ടോ?

ചോദ്യകർത്താവ് സഭയിൽ ഹാജരാവാത്തതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

**ഡോ. നൗഷാദ് പി.പി.**

**ചോദ്യം:**

43. സർവ്വകലാശാല അധ്യാപകർക്കായി പണിയുന്ന ക്വാട്ടേഴ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം: ഡോ. എ ജോസ്**

Professors Quarters (16 എണ്ണം) -ന്റെ നിർമ്മാണത്തിൽ നിന്ന് നിർമ്മാണ എജൻസിയിയായിരുന്ന BSNL പിൻവാങ്ങിയതിന് ശേഷം നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. കരാറുകാരനിൽ നിന്ന് പെർഫോമൻസ് ഗ്യാരന്റി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനങ്ങളിൽ BSNL പിരിച്ചെടുത്ത തുകയും തിരിച്ചുപിടിക്കാൻ സർവകലാശാല തീരുമാനിക്കുകയും ചെയ്തു. ടി വിഷയത്തിൽ സർവകലാശാല Standing Counsel ന്റെ നിയമോപദേശം തേടിയിട്ടുണ്ട്.

**ഡോ. ബിജു എം.കെ**

**ചോദ്യം:**

44. Statutory School കളിലെ പുതിയ അധ്യാപകർക്ക് Post Doc Experience സർവ്വീസ് കാലയളവായി പരിഗണിക്കുന്നതിന് UGC യുടെ നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റിയിൽ നടപ്പാക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുക

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് ലക്ച്ചറർ തസ്തിക പോലെ അക്കാദമിക് സ്വഭാവത്തോടെയുള്ളതല്ലാത്തതിനാൽ പ്രസ്തുത കാലയളവ് പ്ലേസ്മെന്റിനു പരിഗണിക്കാൻ കഴിയില്ല എന്ന് സർക്കാരിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**ഡോ. ലിബിൻ കുര്യാക്കോസ്**

**ചോദ്യം:**

45. FYUGP നടപ്പിൽ വരുത്തുന്നതിനോട് അനുബന്ധിച്ച് സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകൾക്ക് ഏകീകൃതമായ സോഫ്റ്റ് വെയർ സംവിധാനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുക.

**ഉത്തരം: ഡോ. ബാബു മൈക്കിൾ**

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള K-REAP -ന്റെ നേതൃത്വത്തിൽ പൊതുവായ ഒരു സോഫ്റ്റ്വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ഡോ. സിന്ധു കെ.**

**ചോദ്യം:**

46. 2021-24 ബാച്ച് ബിരുദ വിദ്യാർഥികളുടെ ഓർഗാനിക് ഫാമിംഗ് MOOC കോഴ്സിന്റെ പരീക്ഷ നടത്തിയിട്ടുണ്ടോ? പഠനം പൂർത്തിയായ 2021-23 ബാച്ച് ബി എഡ് വിദ്യാർത്ഥികളുടെ പ്രസ്തുത MOOC പരീക്ഷ നടത്തിയോ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക.

**ഉത്തരം: ഡോ. സുധാകരൻ കെ.എം**

2021-24 ബാച്ച് ബിരുദ വിദ്യാർഥികളുടെ ഓർഗാനിക് ഫാമിംഗ് MOOC കോഴ്സിന്റെ പരീക്ഷകൾ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാൽ പൂർണമായും നടത്തുവാൻ സാധിച്ചില്ല.

**ഡോ. സിന്ധു കെ.**

**ചോദ്യം:**

47. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന കാര്യങ്ങൾക്ക് അധ്യാപകർക്ക് അവകാശപ്പെടാവുന്ന ഡ്യൂട്ടി ലീവ്, ഓൺ ഡ്യൂട്ടി എന്നിവയുടെ പട്ടിക തരം തിരിച്ച് ലഭ്യമാക്കുക

**ഉത്തരം: അഡ്വ. റെജി സക്കറിയ**

യു.ജി.സി. റെഗുലേഷൻസ് 2018 ക്ലോസ് 8.1 പ്രകാരമാണ് കർത്തവ്യ അവധി അനുവദിക്കുന്നത്. (ഒരു അക്കാദമിക വർഷത്തിൽ പരമാവധി 30) ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെ സ്ഥിര അധ്യാപകർക്ക് താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഡ്യൂട്ടി ലീവ് അനുവദിച്ചുപോരുന്നു.

| ഡ്യൂട്ടി ലീവ് | ഓൺ ഡ്യൂട്ടി |
|---|---|
| റിഫ്രഷർ കോഴ്സ്, ഓറിയന്റേഷൻ പ്രോഗ്രാം, ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം, ഇൻഡക്ഷൻ പ്രോഗ്രാം, സെമിനാർ കോൺഫറൻസ്സ്, സിമ്പോസിയ, ശില്പശാല, സെലക്ഷൻ കമ്മിറ്റി/സ്ക്രീനിംഗ് കമ്മിറ്റി, ഇൻവൈറ്റെഡ് ടോക്സ്, സർവ്വകലാശാല depute ചെയ്തിരിക്കുന്ന മേഖലയിൽ പ്രവർത്തിക്കുന്നതിന്, റിസർച്ച് മെത്തഡോളജി വർക്ക്ഷോപ്, സർവ്വകലാശാല നാമനിർദേശം ചെയ്ത delegate ആയി പ്രവർത്തിക്കുന്നതിന്, വിവിധ അക്കാഡമിക് സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന മീറ്റിങ്ങുകളിൽ പങ്കെടുക്കുന്നതിന് (തങ്ങളുടെ അദ്ധ്യാപന ഗവേഷണ മികവ് സംബന്ധിച്ച അറിവുകൾ പകർന്ന് നൽകുന്ന മേഖലയിൽ). | സർവ്വകലാശാലയിൽ വെച്ച് നടക്കുന്ന മീറ്റിംഗുകളിൽ പങ്കെടുക്കുമ്പോൾ. |

**ഉപചോദ്യം: ഡോ. സിന്ധു കെ.**

എയ്ഡഡ് കോളേജ് അധ്യാപകർക്ക് ഇതേ വ്യവസ്ഥയിൽ തന്നെയാണോ ലീവ് അനുവദിക്കുന്നത്?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി.**

എയ്ഡഡ് കോളേജ് അധ്യാപകരുടെ ലീവ് അനുവദിക്കപ്പെടുന്നത് കേരള സർക്കാരിന്റെ സർവ്വീസ് റൂൾസ് പ്രകാരമാണ്.

**ശ്രീ. സുരേഷ് എം.എസ്.**

**ചോദ്യം:**

48. സർവ്വകലാശാലയിൽ നിലവിലുള്ള എല്ലാ സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളുടെയും സ്കൂളുകളെയും സംബന്ധിച്ച വിശദാംശങ്ങൾ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇല്ലായെങ്കിൽ അതിനുള്ള നടപടികൾ ഉടൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം: അഡ്വ. റെജി സക്കറിയ**

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 42 UNIVERSITY DEPARTMENTS - ലെ സ്റ്റാറ്റ്യൂട്ട് 2 Names of Departments/Schools of study and Research -ൽ സർവ്വകലാശാലയിലെ 20 ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ച സ്കൂളുകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

11.10 ന് ചോദ്യോത്തരങ്ങൾ അവസാനിക്കുകയും തുടർന്ന് ഒരു അടിയന്തിര പ്രമേയം ലഭിച്ചിട്ടുള്ള കാര്യം അദ്ധ്യക്ഷൻ സഭയെ അറിയിച്ചു. അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നതിനും സഭയുടെ മതിയായ പുന്തുണ തേടുന്നതിനുമായി അദ്ധ്യക്ഷൻ അവതാരകനെ ക്ഷണിക്കുകയും മതിയായ പിന്തുണ ലഭിച്ചതിനെ തുടർന്ന് അവതാരകൻ അടിയന്തിര പ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

## അടിയന്തിര പ്രമേയം

**അവതാരകൻ: ഡോ. ലീബൂസ് ജേക്കബ് എബ്രഹാം**

**അനുവാദകൻ: ഡോ. ലിബിൻ കുര്യാക്കോസ്**

**നാഷ്ണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ നടത്തിയ സാലാം ഘട്ട വിലയിരുത്തലിൽ ‘ A++' ഗ്രേഡ് നേടിയ മഹാത്മഗാന്ധി സർവ്വകലാശാലയെയും അതിനു നേതൃത്വം നൽകിയ സർവ്വകലാശാല അധികാരികൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരെയും ഈ സഭ അഭിനന്ദിക്കുന്നു. ഒപ്പം ഈ നേട്ടം നിലനിർത്തിക്കൊണ്ട് സർവ്വകലാശാലയുടെ തുടർ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടപെടുന്നതിനുമാവശ്യമായ സാമ്പത്തിക സഹായങ്ങൾ അനുവദിക്കണമെന്ന് കേന്ദ്രസംസ്ഥാന സർക്കാരുകളോട് ഈ യോഗം ആവശ്യപ്പെടുന്നു. സഭയുടെ മറ്റു നടപടികൾ നിർത്തി വച്ചു കൊണ്ട് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.**

National Assessment and Accreditation Council-ന്റെ നാലാം ഘട്ടത്തിൽ ഒരു സർവ്വകലാശാലയ്ക്ക് ലഭിക്കാവുന്ന ഏറ്റവും മികച്ച സ്ഥാനം കരസ്ഥമാക്കിയത് ഏറ്റവും അഭിമാനകരമായ വസ്തുതയാണ്. ഈയൊരു ഉദ്യമത്തിന് നേതൃത്വം നൽകിയ വൈസ് ചാൻസലർ, രജിസ്ട്രാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരുടെ ഒറ്റക്കെട്ടായ പ്രവർത്തനം ഇതിന് പുറകിൽ ഉണ്ട് എന്ന കാര്യം വ്യക്തമാണ്. കേരള ജനതയ്ക്ക് മുഴുവൻ അഭിമാനിക്കാവുന്ന നേട്ടം കൈവരിക്കുന്നതിന് വേണ്ടി പ്രവർത്തിച്ചവരെയും നേതൃത്വം നൽകിയവരെയും അഭിനന്ദിക്കുന്നതിന് ഈ സമയം വിനിയോഗിക്കുകയാണ്.

കരിക്കുലത്തിന്റെ മികവ്, പേറ്റന്റുകൾ, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ്, മാനേജ്മെന്റിന്റെ കണിശത, ഗവേഷണ മേഖലയിൽ പുലർത്തിയ മികവ് എന്നിവ ഈ നേട്ടത്തിന്റെ പുറകിൽ ഉണ്ട് എന്ന കാര്യം വ്യക്തമാണ്. സിലബസും, കരിക്കുലവും ആദ്യമായി കേരളത്തിൽ വർഷോപ്പുകൾ മുഖേന തയ്യാറാക്കിയ സർവകലാശാല മഹാത്മാഗാന്ധി സർവ്വകലാശാലയാണ്. എഫ്.വൈ.യു.ജി പി. സ്കീമിന്റെ കരിക്കുലവും സിലബസും ആദ്യം തയ്യാറാക്കി എന്നതും നമുക്ക് അഭിമാനിക്കാവുന്ന ഒരു

നേട്ടമാണ്. സർവകലാശാല പരീക്ഷകളിൽ ക്വസ്റ്റ്യൻ ബാങ്കും, ഓൺലൈൻ ക്വസ്റ്റ്യൻ പേപ്പർ സ്കീമും ആദ്യമായി നടപ്പിലാക്കിയത് നമ്മുടെ സർവ്വകലാശാലക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളിൽ ഒന്നാണ്.

എഴുപതോളം വിദേശ വിദ്യാർത്ഥികൾ നമ്മുടെ ക്യാമ്പസിൽ തന്നെ പഠിക്കുന്ന എന്നത് നമ്മുടെ അക്കാദമിക മികവിനെ ഉയർത്തിക്കാട്ടുന്ന ഒന്നാണ്. സർവകലാശാല ആർട്സ് മേഖലയിലും അതുപോലെ സ്പോർട്സ് മേഖലയിലും പുലർത്തിയ മികവ് ദേശീയതലത്തിൽ നേടിയ മികവുറ്റ നേട്ടങ്ങളും സർവകലാശാലക്ക് അഭിമാനകരമാണ്.

ഈ നേട്ടങ്ങൾ ഒക്കെത്തന്നെ നിലനിൽക്കെ 2023-ലെ ബജറ്റിൽ യുജിസിക്ക് അനുവദിച്ചിരുന്ന വിഹിതം 2024 ൽ 60% ആയി വെട്ടിക്കുറച്ചത്, യുജിസിയിൽ നിന്ന് ലഭിച്ചിരുന്ന ധനസഹായങ്ങൾ ഇല്ലാതെയാക്കിയത് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം അടക്കമുള്ള മേജർ, മൈനർ പ്രോജക്ടുകൾ എന്നിവ ഇന്ന് ലഭ്യമാകുന്നില്ല കൂടാതെ കരിയർ അഡ്വാൻസ് മെന്റ് സ്കീമിൽ ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്നത് അധ്യാപകരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രതിഷേധാത്മകമായ ഒരു വസ്തുതയാണ്.

ഇതൊടൊപ്പം സർവ്വകലാശാലകൾക്കു മുകളിൽ തന്റെ അധികാരം സ്ഥാപിക്കുന്നതിന് വേണ്ടി ഗവർണർ നടത്തുന്ന ഇടപെടലുകൾ നമുക്ക് അറിവുള്ളതാണ്. വൈസ് ചാൻസ് നിയമനത്തിൽ നടത്തുന്ന ഇടപെടലുകൾ കൂടാതെ കേരള നിയമസഭാ പാസാക്കിയ ബില്ലുകൾ ഒപ്പിടാതെ പിടിച്ചുവെക്കുകയും അത് രാഷ്ട്രപതിക്ക് അയച്ചതും, സർവ്വകലാശാലകളിലെ സെനറ്റ് അംഗങ്ങളുടെ നിയമനത്തിൽ നടത്തിയ ഇടപെടലുകൾ, 400 ഓളം വരുന്ന അധ്യാപകരുടെ പ്രമോഷൻ തടഞ്ഞുവെച്ചത് ഉൾപ്പെടെയുള്ള സംഭവങ്ങൾ പ്രതിഷേധാത്മകമാണ്.

ഇത്തരം പ്രതിലോമകരമായ ഇടപെടലുകൾ ഉണ്ടാകുമ്പോഴും സാധാരണക്കാരന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് സർവകലാശാല അടക്കമുള്ള സർക്കാർ സംവിധാനങ്ങൾ ഏറ്റവും കരുത്തോടെ നിലനിൽക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. നമുക്ക് സാമ്പത്തികവും അക്കാദമികവുമായ പിൻബലം ആവശ്യമുള്ള ഈ സാഹചര്യത്തിൽ അക്കാദമിക മേഖലയിൽ മികവ് പുലർത്തുമ്പോൾ തന്നെ നമ്മുടെ സർവകലാശാലക്ക് ശക്തമായ സാമ്പത്തിക അടിത്തറ ഉണ്ടാകേണ്ടതും അനിവാര്യമാണ്. ആയതിനാൽ നമ്മുടെ പ്രവർത്തനങ്ങളെ ഏറ്റവും സജീവമാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള സാമ്പത്തികമായ പിന്തുണ ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെടുന്നു.

## II സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരിപ്പിക്കുന്ന വിഷയങ്ങൾ

I. വാർഷിക റിപ്പോർട്ട് - 2022, 2023
II. വാർഷിക അക്കൗണ്ട്സ് - 2020-21, 2021-22, 2022-23
III. ഓഡിറ്റ് റിപ്പോർട്ട് - 2020-21, 2021-22
IV. ഫിനാൻഷ്യൽ എസ്റ്റിമേറ്റ് - 2023-24

## III. സെനറ്റ് അംഗങ്ങൾ അവതരിപ്പിക്കുന്ന വിഷയങ്ങൾ:

**(അംഗങ്ങൾ നൽകിയിട്ടുള്ള പ്രമേയങ്ങൾ)**

**<u>ഡോ. ലിബിൻ കുര്യാക്കോസ്</u>**

1) FYUGP സംസ്ഥാനത്ത് 2024-25 അക്കാദമിക വർഷത്തിൽ നടപ്പിൽ വരുത്തുന്നതിന് മുൻപായി തന്നെ അധ്യാപകരുടെ ജോലിഭാരം സംബന്ധിച്ച് വ്യക്തതയോടും കൃത്യതയോടും കൂടിയുള്ള ഉത്തരവ് പുറത്തിറക്കണമെന്ന് കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ.സുബിൻ വർഗ്ഗീസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ഡോ. നൗഷാദ് പി.പി.</u>**

2) മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസ് ഹരിതാഭമാണെങ്കിലും ശാസ്ത്രീയമായ Landscaping നടത്താത്തതിനാൽ കാട് പിടിച്ച് അലക്ഷ്യമായി കിടക്കുന്ന അവസ്ഥയാണ്. ആയതിനാൽ Landscaping രംഗത്ത് വൈദഗ്ധ്യമുള്ളവരെ ഉപയോഗിച്ച് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി. മഞ്ജുഷ കെ.എ. പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ശ്രീമതി. മായ എൻ.</u>**

3) നവ കേരള സൃഷ്ടിക്ക് ഉതകുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതവും വിപ്ലവകരവുമായ മാറ്റങ്ങൾ നടപ്പിലാക്കാൻ തീരുമാനമെടുത്ത കേരള സർക്കാരിനെയും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ദ്രുതഗതിയിൽ അതിനു വേണ്ടുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്ന സർവകലാശാലയെയും ഈ യോഗം അഭിനന്ദിക്കുന്നു.

ഡോ. ലിബിൻ കുര്യോക്കോസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ഡോ. സജ്ജ മാത്യൂ</u>**

4) ആർ. നരേന്ദ്രപ്രസാദിന്റെ പേരിൽ എം.ജി. സർവ്വകലാശാലയിൽ ആരംഭിക്കാൻ തീരുമാനിച്ച സിനിമ പഠന കേന്ദ്രത്തിന് സർവ്വകലാശാല ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് ആവശ്യപ്പെടുന്നു.

ഡോ.ജോബിൻ മാത്യൂ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ശ്രീ. സുരേഷ് എം.എസ്.</u>**

5) 110 ഏക്കർ സ്ഥലമാണ് മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് സ്വന്തമായി ഉണ്ടായിരുന്നത്, നിലവിൽ ഇത് 96 ഏക്കർ മാത്രമേ ഉള്ളൂ. പുതിയതായി രൂപീകരിച്ച 5 സ്കൂളുകൾ ഉൾപ്പടെ മറ്റ് ഡിപ്പാർട്ട്മെന്റുകൾക്കും കെട്ടിടവും, ക്ലാസ്റൂമുകളും പണിയുന്നതിനാവശ്യമായ സ്ഥലം സർവ്വകലാശാലയ്ക്ക് ഇന്നില്ല. കൺവർജൻസ് അക്കാദമീയ കോംപ്ലക്സ് -ൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നിലവിൽ ക്ലാസ്സ് റൂമുകൾ പോലും ഇല്ല. പുതിയ വിദ്യാഭ്യാസ നയമനുസരിച്ച് സർവ്വകലാശാലയ്ക്ക് നിലനിൽക്കണമെങ്കിൽ പുതിയ ഡിപാർട്ട്മെന്റുകളും, സ്കൂളുകളും ആരംഭിക്കേണ്ടതുണ്ട്. സർവ്വകലാശാലയുടെ വികസനത്തിനായി കൂടുതൽ സ്ഥലം അനുവദിക്കുന്ന കാര്യം സർക്കാരിനോട് ആവശ്യപ്പെടാൻ ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സാബു മുകുന്ദൻ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സുരേഷ് എം.എസ്.**

6) പുതുതായി ക്രമീകരിച്ച സ്കൂളുകൾ ഉൾപ്പടെ സർവ്വകലാശാല ഉത്തരവ് നം.1430/ADA2/2024 തീയതി 14.02.2024 പ്രകാരം CDOE, DASP എന്നിവയെ Inter School Centers ആയിട്ടാണ് നിർവ്വചിച്ചിരിക്കുന്നത്. സർവ്വകലാശാലയിൽ നിലവിലുള്ള സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ പേര് സ്കൂൾ ഓഫ് ഡിസ്റ്റൻസ് & ഓൺലൈൻ എഡ്യൂക്കേഷൻ എന്ന് മാറ്റുകയും CDOE, DASP എന്നിവയെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് & ഓൺലൈൻ എഡ്യൂക്കേഷന് കീഴിൽ കൊണ്ടുവരണമെന്നും സ്കൂൾ ഓഫ് ഡിസ്റ്റൻസ് &ഓൺലൈൻ എഡ്യൂക്കേഷനെ സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റായി അംഗീകരിക്കണമെന്നും ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു. യുജിസി നിയമപ്രകാരം ഓൺലൈൻ കോഴ്സുകൾക്കായി ഒരു സ്ഥിരം ഡയറക്ടർ നിർബന്ധമായും ഉണ്ടായിരിക്കണം ആയിതിനാൽ സ്കൂൾ ഓഫ് ഡിസ്റ്റൻസ് & ഓൺലൈൻ എഡ്യൂക്കേഷന് ഒരു സ്ഥിരം ഡയറക്ടറെ നിയമിക്കണമെന്നും ഈ യോഗം സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. സാബു മുകുന്ദൻ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**പ്രൊഫ. ഡോ. എ.യു. അരുൺ**

7) പുതിയ ഉത്തരവ് പ്രകാരം ബിബിഎ, ബിസിഎ കോഴ്സുകളുടെ അഫിലിയേഷൻ എഐസിടിഇ-ക്ക് ലഭ്യമാകുകയും, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി ആവശ്യാനുസരണം എൻജിനീയറിങ് കോളേജുകളിൽ ബിബിഎ, ബിസിഎ കോഴ്സുകൾ അനുവദിക്കുകയും ചെയ്യുമ്പോൾ എയ്ഡഡ് മേഖലയിൽ നിലവിൽ ഉണ്ടായിട്ടുള്ള അനിശ്ചിതത്വം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഈ യോഗം സർക്കാരിനോട് ആവശ്യപ്പെടുന്നു.

ശ്രീ.സനിൽ കുമാർ എം.ജി പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ബിജു എം.കെ.**

8) ഗവേഷക വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി JRF തുക കാലാനുസൃതമായി കൂട്ടുന്നതിനും, നാലാം വർഷം സീനിയർ റിസർച്ച് ഫെലോഷിപ്പ് നൽകുന്നതിനും ഉള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

ഡോ.നൗഷാദ് പി.പി. പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ടിറ്റു തോമസ്**

9) എം.ജി. യൂണിവേഴ്സിറ്റിയിൽ Ph.D. vaiva Voce-ക്ക് പങ്കെടുക്കാൻ എത്തുന്ന അധ്യാപർക്കുള്ള Duty സർട്ടിഫിക്കറ്റ് നിർത്തലാക്കിയ സർവകലാശാല നടപടി പുനഃപരിശോധിക്കണം എന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. ഷിബു എം ജോർജ്ജ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. സജിത്ത് ബാബു എസ്.**

10) സർവകലാശാലയിൽ പാർട്ട് ടൈം ഗവേഷണ വിദ്യാർഥികളായി രജിസ്റ്റർ ചെയ്തിരിക്കുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസുകളിൽ കുറവ് വരുത്തണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**ഡോ. സിസ്റ്റു കെ.**

11) ഇംപ്രൂവ്മെന്റ് പരീക്ഷ മുഖേന കൂടുതൽ മാർക്ക് നേടിയ വിദ്യാർഥികളുടെ പ്രസ്തുത സെമസ്റ്റർ മാർക്ക് ലിസ്റ്റ് സമയബന്ധിതമായി യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന് ഈ സഭ ആവശ്യപ്പെടുന്നു.

ഡോ. ജോബിൻ മാത്യു, പ്രമേയത്തെ പിന്താങ്ങി താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

ഇംപ്രൂവ്മെന്റ് പരീക്ഷ മുഖേന കൂടുതൽ മാർക്ക് നേടിയ വിദ്യാർഥികളുടെ പ്രസ്തുത സെമസ്റ്റർ മാർക്ക് ലിസ്റ്റ് സമയബന്ധിതമായി യൂണിവേഴ്സിറ്റി പോർട്ടലിൽ അപ്ഡേറ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന് ഈ സഭ ആവശ്യപ്പെടുന്നു.

**ശ്രീ. സുരേഷ് എം.എസ്.**

12) നമ്മുടെ സർവകലാശാലയിലെ 10 എയ്ഡഡ് കോളേജുകൾ മുൻപ് തന്നെ ഓട്ടോണോമസ് പദവി നേടുകയും 2 എയ്ഡഡ് കോളേജുകൾക്ക് കൂടി (ഭാരത് മാതാ, തൃക്കാക്കര, സെന്റ് സേവിയേഴ്സ്, ആലുവ) കഴിഞ്ഞ വർഷം ഓട്ടോണോമസ് പദവി ലഭിക്കുകയും ചെയ്തു. കൂടാതെ 2 എയ്ഡഡ് കോളേജുകൾ (സെന്റ് തോമസ്, പാലാ, നിർമല കോളേജ്, മൂവാറ്റുപുഴ) ഓട്ടോണോമസ് പദവി ലഭിക്കുന്നതിനായി യു.ജി.സി. മുൻപാകെ അപേക്ഷ സമർപ്പിക്കുകയും 30 ദിവസത്തിനുള്ളിൽ സർവകലാശാലാ ശിപാർശ കാര്യകാരണ സഹിതം നൽകാത്തതിനാൽ സർവകലാശാലാ അനുമതി നൽകിയതായി കണക്കാക്കി യൂ.ജി.സി തുടർനടപടികളിലേക്ക് കടക്കുകയും ചെയ്തിട്ടുള്ളതാണ്. സ്വയം ഭരണ പദവി ലഭിക്കുന്നതിനായി എം.ജി. സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നിരവധി കോളേജുകൾ രംഗത്ത് വന്നു കഴിഞ്ഞു.' കോളേജുകൾക്ക് ഓട്ടോണോമസ് പദവി ലഭിക്കുന്നതിനായി യൂ.ജി.സി പോർട്ടലിൽ, അപേക്ഷ സമർപ്പിക്കുമ്പോൾ കാര്യകാരണ സഹിതം നമ്മുടെ സർവ്വകലാശാല അഭിപ്രായം സമർപ്പിച്ചിട്ടില്ലായെന്നത് കോളേജുകൾക്ക് സ്വയംഭരണ പദവി ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ കൂടുതൽ എളുപ്പത്തിലാക്കുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് കൂടുതൽ കോളേജുകൾക്ക് യൂ.ജി.സി സ്വയംഭരണ പദവി നൽകുന്നത്. ഇത് സർവകലാശാലയുടെ നിലനിൽപ്പ് തന്നെ ഭീക്ഷണിയാകുന്ന കാര്യമാണ്. അതിനാൽ സ്വയംഭരണ പദവിക്കായി കോളേജുകൾ യൂ.ജി.സി മുൻപാകെ അപേക്ഷ സമർപ്പിക്കുമ്പോൾ സർവകലാശാല കൃത്യമായ നിലപാട് സ്വീകരിക്കണമെന്നും ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെടുന്നു.

ശ്രീ. സജി തോമസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ജോസഫ് ഡെറിൽ കെ.എസ്.**

13) സർവകലാശാലയിൽ നിന്ന് യുജിസി 31/7/2023 ഇറക്കിയ നോട്ടിഫിക്കേഷൻ മുമ്പ് പ്രമോഷൻ ലഭിച്ചവർക്കും സ്ക്രീനിങ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷം സർവകലാശാലയിൽ ആപ്ലിക്കേഷൻ നൽകിയിരിക്കുന്നവർക്കും യുജിസി 31/7/2023 ഇറക്കിയ നോട്ടിഫിക്കേഷന്റെയും 11083/ACB5/2023/MGU dated 04/11/2023 സർവ്വകലാശാല ഇറക്കിയിരിക്കുന്ന ഉത്തരവിന്റെയും ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് നൽകണമെന്ന് ഈ സഭ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**<u>ഡോ. ജോബിൻ മാത്യു</u>**

14) എം.ജി. യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ ടീച്ചേഴ്സ് പോർട്ടൽ അടിയന്തരമായി അപ്ഡേറ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് യൂണിവേഴ്സിറ്റിയോട് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. സജു മാത്യു പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>പ്രൊഫ. ഡോ. എ.യു. അരുൺ</u>**

15) മഹാത്മാഗാന്ധി സർവ്വകലാശാല ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നാലു വർഷ യു.ജി. പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ആകുലതകൾ നിലനിൽക്കുന്ന ബി.എഡ്. മേഖലയിലെ പ്രശ്നങ്ങളെ ഏറ്റവും അനുഭാവപൂർണമായി പരിഗണിക്കണമെന്ന് എം.ജി. യൂണിവേഴ്സിറ്റിയോടും കേരള ഗവൺമെന്റിനോടും ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ.ലിബൂസ് ജേക്കബ്ബ് എബ്രഹാം പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ശ്രീമതി. മായ എൻ.</u>**

16) അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് യൂ.ജി. ഡിഗ്രി പാസാകുന്ന കുട്ടികൾക്ക് സ്കിൽ ഡവലപ്മെന്റിന് ആവശ്യമായ പരിശീലന പരിപാടികൾ യൂണിവേഴ്സിറ്റിയുടെ ബിസിനസ് ഇൻക്യൂബേഷൻ സെന്ററിനോട് അനുബന്ധിച്ചോ അല്ലാതെയോ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപ്പെടുന്നു.

ശ്രീ. ടിറ്റു തോമസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ഡോ. ഷിജോ കെ. ചെറിയാൻ</u>**

17) അധ്യാപകരുടെ വർക്ക് ലോഡ് പരിരക്ഷ, വിദ്യാർത്ഥികളുടെ അമിത പഠനഭാരത്തിന്റെ ഒഴിവാക്കൽ, അഫിലിയേറ്റഡ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, കോഴ്സുകളുടെ തൊഴിൽക്ഷമത, തുടങ്ങിയവ ഉറപ്പുവരുത്തി മാത്രമേ നാലു വർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP) നടപ്പിലാക്കാവൂ എന്ന് സർവകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**<u>ഡോ. സിന്ധു കെ.</u>**

18) വലിയ ഫീസ് നൽകി മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ചിലപ്പോഴൊക്കെ പരീക്ഷ തീയതി അറിയാതെ പോകുന്നുണ്ട്. ആയത് ഒഴിവാക്കാൻ അപേക്ഷകരെ SMS മുഖേനയോ ഇ-മെയിൽ മുഖേനയോ പരീക്ഷ തീയതി അറിയിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**ഡോ. സജു മാത്യു**

19) ഓർഗാനിക് ഫാമിംഗ് കോഴ്സിന് (MOOC) സർവ്വകലാശാല നടത്തുന്ന ഫൈനൽ പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുന്നു.

ഡോ.ജോബിൻ മാത്യു പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ. ടിറ്റു തോമസ്**

20) മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലുള്ള കോളേജുകളിൽ പ്രാക്ടിക്കൽ പരീക്ഷകൾ എത്ര ദിവസം നടത്തിയാലും ഒരു ദിവസത്തെ തുക ( cost of materials) മാത്രമാണ് യൂണിവേഴ്സിറ്റി ഇപ്പോൾ അനുവദിക്കുന്നത്. ഈ തീരുമാനം പുനഃപരിശോധിക്കണം എന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. ലിബിൻ കുര്യാക്കോസ് പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ഡോ. ലിബിൻ കുര്യാക്കോസ്**

21) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികളിൽ ഗവേഷണ പ്രബന്ധം ഇതുവരെയും സർവ്വകലാശാലയിൽ മൂല്യനിർണ്ണയത്തിനായി സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലാത്തവർക്ക് മേഴ്സി ചാൻസ് അവസരം, പോലെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 11.12.2023 തീയതിയിലെ 12369/ACA 10/2023/എംജിയു, എന്ന നമ്പർ ഉത്തരവ് പ്രകാരം ചില പ്രത്യേക വിഭാഗത്തിലുള്ള ഗവേഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യത്തിന്റ പരിധിയിൽ വരുന്നില്ലാത്തവരും ഇതുവരെയും ഗവേഷണ പ്രബന്ധം മൂല്യനിർണ്ണയത്തിനായി സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലാത്തവരുമായ എല്ലാ ഗവേഷകർക്കും ഒരു മേഴ്സി ചാൻസിലൂടെ പ്രബന്ധം മൂല്യനിർണയത്തിനായി സമർപ്പിക്കുന്നതിന് അവസരം നൽകണമെന്ന് ഈ പ്രമേയത്തിലൂടെ മഹാത്മാഗാന്ധി സർവ്വകലാശാല അധികാരികളോട് ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീമതി. മായ എൻ. പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികളിൽ ഗവേഷണ പ്രബന്ധം ഇതുവരെയും സർവ്വകലാശാലയിൽ മൂല്യനിർണ്ണയത്തിനായി സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലാത്തവർക്ക് മേഴ്സി ചാൻസ് അവസരം, പോലെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 11.12.2023 തീയതിയിലെ 12369/ACA 10/2023/എംജിയു, എന്ന നമ്പർ ഉത്തരവ് പ്രകാരം ചില പ്രത്യേക വിഭാഗത്തിലുള്ള ഗവേഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യത്തിന്റ പരിധിയിൽ വരുന്നില്ലാത്തവരും ഇതുവരെയും ഗവേഷണ പ്രബന്ധം മൂല്യനിർണ്ണയത്തിനായി സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലാത്തവരുമായ എല്ലാ ഗവേഷകർക്കും കൃത്യമായി ഫീസ് ഈടാക്കിക്കൊണ്ട് ഒരു മേഴ്സി ചാൻസിലൂടെ പ്രബന്ധം മൂല്യനിർണയത്തിനായി സമർപ്പിക്കുന്നതിന് അവസരം നൽകണമെന്ന് ഈ പ്രമേയത്തിലൂടെ മഹാത്മാഗാന്ധി സർവ്വകലാശാല അധികാരികളോട് ഈ യോഗം ആവശ്യപ്പെടുന്നു.

**ഡോ. ജോബിൻ മാത്യു**

22) 31.12.2023 വരെ റിഫ്രഷർ/ഓറിയന്റേഷൻ കോഴ്സുകൾ കൂടുന്നതിന് യു.ജി.സി.-യും എം.ജി യൂണിവേഴ്സിറ്റിയും സമയം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. നേരത്തെ തീർപ്പാക്കിയതും

എന്നാൽ ഇതിൻ പ്രകാരം പ്രൊമോഷൻ തീയതിയിൽ ഇളവ് കിട്ടേണ്ടവരുമായ അധ്യാപകർക്ക് പ്രസ്തുത തീയതി വച്ച് പ്രൊമോഷൻ നൽകുന്നതിന് പുതിയ സെലക്ഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് വേണമെന്ന യൂണിവേഴ്സിറ്റിയുടെ തീരുമാനം മരവിപ്പിക്കണമെന്നും പ്രസ്തുത അധ്യാപകർക്ക് അടിയന്തരമായി പ്രൊമോഷൻ തീയതി തിരുത്തി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഈ യോഗം യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**ഡോ. ഷിജോ കെ. ചെറിയാൻ**

23) FYUGP-യെ സംബന്ധിച്ച എല്ലാ ആലോചനകളുടെയും തീരുമാനങ്ങളുടെയും സുതാര്യത ഉറപ്പാക്കാൻ, ചർച്ചകളുടെ മിനിറ്റ്സ് സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, കമ്മ്യൂണിറ്റി ഫീഡ്ബാക്കിനായി ഒരു ഓപ്പൺ ഫോറം സംഘടിപ്പിക്കുകയും വേണമെന്ന് സർവകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**ശ്രീ അശ്വൻ രാജൻ വർഗ്ഗീസ്**

24) സർവ്വകലാശാലയിലെ ഗവേഷണ മേഖലയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്ന URC അടക്കമുള്ള എല്ലാ ഔദ്യോഗിക സംവിധാനങ്ങളിലും സർവ്വകലാശാലയിൽ ഗവേഷണം ചെയ്യുന്ന ഗവേഷകരുടെ പ്രതിനിധികളെ ഉൾപ്പെടുത്തണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. രാഹുൽ മോൻ രാജൻ പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

സർവ്വകലാശാലയിലെ ഗവേഷണ മേഖലയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്ന URC അടക്കമുള്ള എല്ലാ ഔദ്യോഗിക സംവിധാനങ്ങളിലും സർവ്വകലാശാലയിൽ ഗവേഷണം ചെയ്യുന്ന ഗവേഷകരുടെ പ്രതിനിധികളെ ഉൾപ്പെടുത്തണം എന്ന് യുജിസി-യെ അറിയിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**ഡോ. നൗഷാദ് പി.പി.**

25) സർവ്വകലാശാല ക്യാമ്പസിൽ പകൽ 6 മണി മുതൽ രാത്രി 10 മണിവരെ പ്രവർത്തിക്കുന്ന ആധുനിക രീതിയിൽ സജ്ജീകരിച്ച കാന്റീൻ/ഫുഡ് കോർട്ട് നിർമ്മിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. എ.യു. അരുൺ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**ശ്രീ അശ്വൻ രാജൻ വർഗ്ഗീസ്**

26) ഒരു ഗവേഷണ വിദ്യാർത്ഥിയെ സംബന്ധിച്ച് തന്റെ ഗവേഷണ കാലയളവിലെ ഓരോ ദിനവും സുപ്രധാനമാണ്. നിലവിലെ ലോക ക്രമമനുസരിച്ച് ഗവേഷണ മേഖലയിൽ ഓരോ നിമിഷവും പുതിയ നൂതനാശയങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ പകൽ 8 മണി മുതൽ രാത്രി 8 മണി വരെയുള്ള സമയം മാത്രമേ നമ്മുടെ സർവ്വകലാശാലയിലെ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും സർവ്വകലാശാല ലൈബ്രറി ഉപയോഗിക്കാൻ കഴിയൂ എന്നത് ഒരു

പോരായ്മയാണ്. ആയതിനാൽ കൂടുതൽ കാര്യക്ഷമമായി നമ്മുടെ ഗവേഷകർക്ക് തങ്ങളുടെ ഗവേഷണം മുൻപോട്ട് കൊണ്ടുപോകുവാനും, അറിവ് ഉൽപാദന മേഖലയിൽ കൂടുതൽ സംഭാവനകൾ നൽകുവാനും സാധിക്കുവാൻ കഴിയുന്ന തരത്തിൽ പ്രവർത്തിക്കുവാൻ സർവ്വകലാശാല ലൈബ്രറിയുടെ പ്രവർത്തനം 24 മണിക്കൂർ ആക്കി 365 ദിവസം പ്രവർത്തനം ഉറപ്പുവരുത്തുകയും പഠന വകുപ്പുകളിലെ ലൈബ്രറികൾ എല്ലാ ശനിയാഴ്ചയും പ്രവർത്തിപ്പിക്കണം എന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

കുമാരി. ഐഷ മിന്ന സലീം പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ശ്രീ. ജോസഫ് ഡെറിൽ കെ.എസ്.</u>**

27) പി.ജി. പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് സമയത്ത് അതാത് വിഷയങ്ങളിലെ അധ്യാപകരെ വിളിക്കുമ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജിൽ നിന്നുള്ള അധ്യാപകരെ ഉൾപ്പെടെ മൂല്യനിർണയത്തിൽ ഉൾപ്പെടുത്തിയാൽ പി ജി, യു ജി ക്ലാസുകൾ പൂർണമായും ഒഴിവാക്കാതെ മൂല്യനിർണയം പൂർത്തിയാക്കാൻ സാധിക്കും. ഈ വിഷയത്തിൽ വേണ്ട നിർദേശങ്ങൾ ബോർഡ് ചെയർമാൻമാർക്ക് നൽകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**<u>ശ്രീമതി. മായ എൻ.</u>**

28) ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടിയിരുന്ന BBA, BCA, BEd. പോലെയുള്ള കോഴ്സുകൾ ഒന്നൊന്നായി ഇതര വിഭാഗത്തിലുള്ള കോളേജുകളിലേക്ക് മാറ്റപ്പെടുന്ന സാഹചര്യത്തിൽ എയ്ഡഡ് കോളേജുകളെ സംരക്ഷിക്കുന്നതിനും യൂണിവേഴ്സിറ്റിയുടെ സ്വയംഭരണ അധികാരം നിലനിർത്തുന്നതിനും ആവശ്യമായ ചർച്ചകളും തുടർനടപടികളും സർവ്വകലാശാലയുടെയും സർക്കാരിന്റെയും കൂട്ടായ ശ്രമഫലമായി ഉണ്ടാവണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ഡോ. എ.യു. അരുൺ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

**<u>ഡോ.ഷിബു എം. ജോർജ്</u>**

29) FYUGP പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചോദ്യ ബാങ്ക് രൂപീകരിക്കുമ്പോൾ ഇന്റേണൽ എക്സ്റ്റേണൽ അംഗങ്ങൾ ഉൾപ്പെടുന്ന സമിതിയുടെ മേൽനോട്ടത്തിൽ മാത്രമേ ചോദ്യ ബാങ്കുകൾ അന്തിമമായി അംഗീകരിക്കാവൂ എന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപെടുന്നു.

ശ്രീ. ടിറ്റു തോമസ് പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

FYUGP പ്രോഗ്രാമുകളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചോദ്യ ബാങ്ക് രൂപീകരിക്കുമ്പോൾ CBCSS ൽ ഉള്ളതുപോലെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഇന്റേണൽ എക്സ്റ്റേണൽ അംഗങ്ങൾ ഉൾപ്പെടുന്ന സമിതിയുടെ മേൽനോട്ടത്തിൽ മാത്രമേ ചോദ്യ ബാങ്കുകൾ അന്തിമമായി അംഗീകരിക്കാവൂ എന്ന് ഈ യോഗം സർവകലാശാലയോട് ആവശ്യപെടുന്നു.

**ഡോ. സജ്ജ മാത്യു**

30) എം.ജി. സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് സർവ്വകലാശാല നൽകുന്ന ജൂനിയർ റിസർച്ച് ഫെലോഷിപ്പ് (JRF) ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഡോ. ജോബിൻ മാത്യു പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

എം.ജി. സർവ്വകലാശാലയിൽ ഗവേഷണം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർവ്വകലാശാല നൽകുന്ന ജൂനിയർ റിസർച്ച് ഫെലോഷിപ്പ് (JRF) ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**ഡോ. ഷിജോ കെ. ചെറിയാൻ**

31) ബിരുദതല വിദ്യാർത്ഥികളിൽ നിന്ന് പ്രത്യേകമായി ഫീസ് ഈടാക്കി നടത്തുന്ന നിർബന്ധിത MOOC കോഴ്സായ ഓർഗാനിക് ഫാമിംഗ്, പരാതികളില്ലാതെ ഒന്നാം വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സർവകലാശാലയോട് ഈ സഭ ആവശ്യപ്പെടുന്നു.

സഭയുടെ അനുമതിയോടു കൂടി അവതാരകൻ പ്രമേയം പിൻവലിച്ചു.

**ഡോ. സിന്ധു കെ.**

32) ഫോർ ഇയർ യു.ജി. ആരംഭിക്കാൻ കോളജുകളിൽ ആവശ്യമായ ഡിജിറ്റൽ / മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിജ്ഞാപനം ചെയ്യണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

മതിയായ പിന്തുണ ഇല്ലാത്തതിനാൽ പ്രമേയം നിരസിച്ചു.

**ഡോ.ഷിബു എം. ജോർജ്**

33) FYUGP പ്രോഗ്രാമിൽ രണ്ടാം വർഷ പൂർത്തിയായതിനു ശേഷം നിഷ്കർഷിക്കുന്ന ഇന്റേൺഷിപ് വിദ്യാർത്ഥികൾക്ക് ഏർപ്പെടുന്നതിലേക്കായി യൂണിവേഴ്സിറ്റി തലത്തിൽ വിവിധ അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ, ഗവൺമെന്റ് വിവിധ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, രജിസ്റ്റർഡ് നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ എന്നിവയുമായി മെമ്മോറണ്ടം ഓഫ് അണ്ടർസ്റ്റാന്റിംങ് ഏർപെടുന്നതിൽ സർവകാലശാല നടപടികൾ കൈക്കൊള്ളണം എന്ന് ഈ യോഗം ആവശ്യപെടുന്നു.

ഡോ. എ.യു. അരുൺ പ്രമേയത്തെ പിന്താങ്ങി, പ്രമേയം സഭ അംഗീകരിച്ചു.

FYUGP പ്രോഗ്രാമിൽ രണ്ടാം വർഷം പൂർത്തിയായതിനു ശേഷം നിഷ്കർഷിക്കുന്ന ഇന്റേൺഷിപ് വിദ്യാർത്ഥികൾക്ക് ഏർപ്പെടുന്നതിലേക്കായി യൂണിവേഴ്സിറ്റി തലത്തിൽ വിവിധ അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ, ഗവൺമെന്റ് വിവിധ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, രജിസ്റ്റർഡ് നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ എന്നിവയുമായി ലിങ്കേജ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം എന്ന് ഈ യോഗം സർവ്വകലാശാലയോട് ആവശ്യപെടുന്നു.

**ഡോ. ലിബൂസ് ജേക്കബ് എബ്രഹാം**

34) ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ഹയർസെക്കന്ററി പഠനം പൂർത്തീകരിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദ പ്രവേശനത്തിനു വേണ്ടി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ, സർട്ടിഫിക്കറ്റുകളുടെ ഈക്വലൻസി സംബന്ധിച്ച നടപടികൾ കുറച്ചു കൂടി ലളിതവും വിദ്യാർത്ഥി സൗഹൃദപരവുമായി മാറ്റണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എ.യു. അരുൺ പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ഹയർസെക്കന്ററി പഠനം പൂർത്തീകരിച്ച ശേഷം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദ പ്രവേശനത്തിനു വേണ്ടി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ, ഈക്വലൻസി സംബന്ധിച്ച നടപടികൾ കുറച്ചു കൂടി ലളിതവും വേഗത്തിലുമാക്കണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

**ശ്രീ. സുബിൻ വർഗ്ഗീസ്**

35) Part time Ph.D സ്കോളേഴ്സിൽ നിന്നും അമിതമായ ഫീസ് ആണ് സർവകലാശാല ഈടാക്കുന്നത്. Full time scholars അടക്കുന്ന ഫീസ് തന്നെ part time scholars -ൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

സഭയുടെ അനുമതിയോടു കൂടി അവതാരകൻ പ്രമേയം പിൻവലിച്ചു.

**ശ്രീ. സുബിൻ വർഗ്ഗീസ്**

36) HOD rotation സമ്പ്രദായം affiliated കോളേജുകളിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. സനിൽ കുമാർ എം.ജി. പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

HOD rotation സമ്പ്രദായം affiliated കോളേജുകളിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ ത്വരതപ്പെടുത്തണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

**ഡോ. ബെന്നിച്ചൻ സ്കറിയ**

37) കേരളത്തിലെ സർവ്വകലാശാലകളിൽ കലാ മത്സരങ്ങളിൽ വിജയികളാകുന്നവരെ ഉൾപ്പെടുത്തി സംസ്ഥാന കലാമേള സംഘടിപ്പിക്കുന്ന മാതൃകയിൽ സർവ്വകലാശാലകളിലെ കായിക മത്സരയിനങ്ങളിലെ വിജയികൾക്കും സംസ്ഥാന തലത്തിൽ മത്സരം സംഘടിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേരള സർക്കാരിനോട് ഈ യോഗം ആവശ്യപ്പെടുന്നു.

അവതാരകൻ സഭയിൽ ഹാജരാവാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**ശ്രീ. ജോസഫ് ഡെറിൽ കെ.എസ്.**

38) 2024 -25 ൽ ആരംഭിക്കുന്ന നാലുവർഷ UG പ്രോഗ്രാമുകളെ കുറിച്ച് വിദ്യാർത്ഥി സമൂഹത്തിന് പ്രയോജനപ്രദമാകുന്ന രീതിയിൽ പുതിയ പഠന രീതിയെ കുറിച്ചുള്ള വിവരങ്ങൾ

സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കണമെന്നും, അധ്യാപകർക്ക് നാലുവർഷ പ്രോഗ്രാമുകളെ കുറിച്ചും പരീക്ഷ രീതികളെക്കുറിച്ചും ബോധവത്കരണ ക്ലാസുകൾ നൽകണമെന്നും ഈ സഭ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

അവതാരകൻ സഭയിൽ ഹാജരാവാത്തതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

**ശ്രീ അശ്വൻ രാജൻ വർഗ്ഗീസ്**

39) സർവ്വകലാശാലയിലെ ഗവേഷകർ പലപ്പോഴും ഈ കാലഘട്ടത്തിന് ആവശ്യമായ പല അടിസ്ഥാന സൗകര്യങ്ങളും ഇല്ലാതെയാണ് ഗവേഷണം മുൻപോട്ട് കൊണ്ടുപോകുന്നത്. പല ഗവേഷണ കേന്ദ്രങ്ങളും തങ്ങളുടെ ഗവേഷകർക്ക് അടിസ്ഥാനപരമായി ഒരു നല്ല ഗവേഷണ മുറിയോ, മതിയായ ഇരിപ്പിടങ്ങളോ, wifi സംവിധാനമോ, കമ്പ്യൂട്ടർ സംവിധാനമോ, ഉറപ്പ് വരുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. അതോടൊപ്പം സർവ്വകലാശാല അടിസ്ഥാനത്തിൽ ഗവേഷണ പ്രബന്ധങ്ങളും മറ്റും എഴുതുന്നതിനു വേണ്ട writing ലാബ്, ഡിജിറ്റൽ സങ്കേതങ്ങളായ, grammarly, quillbott, തുടങ്ങിയവ ഗവേഷകർക്ക് ഉറപ്പുവരുത്തുന്നതിനും വീഴ്ച സംഭവിക്കുന്നുണ്ട്. ആയതിനാൽ ഗവേഷകർക്ക് മുകളിൽ സൂചിപ്പിച്ചവയും പുതിയ ആവശ്യമായവയുമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണം എന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. രാഹുൽ മോൻ രാജൻ പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

സർവ്വകലാശാലയിലെ ചില ഗവേഷണ കേന്ദ്രങ്ങളിൽ നിലനിൽക്കുന്ന അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**ഡോ. സനിൽകുമാർ എം.ജി.**

40) കോളേജുകളിൽ ഗവേഷണം ചെയ്യുന്ന വിദ്യാർഥികളിൽ നിന്ന് Rs.1165/-രൂപ odd സെമസ്റ്ററിൽ ലബോറട്ടറി ഫീസായി വാങ്ങുന്നുണ്ട്. സർവ്വകാലാശാലയിലെ ഗവേഷക വിദ്യാർഥികൾക്ക് Analytical procedures ആയി ബന്ധപ്പെട്ട് നൽകി വരുന്ന ഇളവുകൾ കോളേജിൽ ഗവേഷണം ചെയ്യുന്നവർക്കുകൂടി ലഭ്യമാക്കണമെന്ന് പ്രമേയത്തിലൂടെ ഉന്നയിക്കുന്നു.

ഡോ. എ.യു. അരുൺ പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

സർവ്വകാലാശാലയിലെ ഗവേഷക വിദ്യാർഥികൾക്ക് Analytical procedures ആയി ബന്ധപ്പെട്ട് നൽകി വരുന്ന ഇളവുകൾ കോളേജിൽ ഗവേഷണം ചെയ്യുന്നവർക്കുകൂടി ലഭ്യമാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**ശ്രീ. സുബിൻ വർഗ്ഗീസ്**

41) Autonomous കോളേജുകളുടെ എണ്ണം കൂടി വരുന്ന ഈ സാഹചര്യത്തിൽ, Autonomous കോളേജുകളുടെ പ്രവർത്തനത്തിൽ സർവകലാശാലയുടെ സ്ഥാനം കൃത്യമായി നിർണ്ണയിക്കുന്നതിന് Statute-ൽ amendment നടത്തണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ഡോ. ലിബ്യൂസ് ജേക്കബ്ബ് എബ്രഹാം പ്രമേയത്തെ പിന്താങ്ങി, താഴെപ്പറയുന്ന ഭേദഗതികളോടെ പ്രമേയം സഭ അംഗീകരിച്ചു.

Autonomous കോളേജുകളുടെ എണ്ണം കൂടി വരുന്ന ഈ സാഹചര്യത്തിൽ, Autonomous കോളേജുകളുടെ പ്രവർത്തനത്തിൽ സർവകലാശാലയുടെ സ്ഥാനം കൃത്യമായി നിർണ്ണയിക്കുന്നതിന് Statute-ൽ amendment നടത്തണമെന്ന് യുജിസി യോട് ആവശ്യപ്പെടാനും അത് വരുന്ന മുറയ്ക്ക് ആക്റ്റിൽ ഉൾപ്പെടുന്നതിനും സർക്കാരിനോട് അവശ്യപ്പെടുന്നു.

**12.55 ന് യോഗം അവസാനിച്ചതായി അദ്ധ്യക്ഷൻ സഭയെ അറിയിച്ചു.**

(ഒപ്പ്)
**രജിസ്ട്രാർ** (i/c)

(ഒപ്പ്)
**വൈസ് ചാൻസലർ**